©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിരണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2009-2011) യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2021**

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിരണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2009-2011) യുടെ ഇരുപത്തിയൊന്നാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ
റിപ്പോർട്ട്]**

225/2021

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ തുടർ ശിപാർശകളും | .. | 54 |
| അനുബന്ധം II | | |
| കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 14-11-2007-ലെ എ 1/9095/04 നമ്പർ നടപടി ഉത്തരവ് | .. | 57 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

**ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

*2019 ഡിസംബർ മാസം 20 - ാം തീയതി നിര്യാതനായി.

**2019 മാർച്ച് മാസം 8 - ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2019-2021)യുടെ 62-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011)യുടെ ഇരുപത്തിയൊന്നാമത് റിപ്പോർട്ടിലെ (കോഴിക്കോട് കോർപ്പറേഷനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

## റിപ്പോർട്ട്

### അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ 21-ാമത് റിപ്പോർട്ടിലെ (കോഴിക്കോട് കോർപ്പറേഷനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-2011) യുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ട് 2009 ഫെബ്രുവരി മാസം 25-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 36 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച് 19-1-2012, 23-4-2014, 14-1-2015, 13-1-2016, 19-12-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

### അദ്ധ്യായം II

സമിതിയുടെ ശിപാർശയും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശയിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശയും

**ഖണ്ഡിക നമ്പർ 18**

ശിപാർശ

2.1.1 തൊഴിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ കാലതാമസമുണ്ടാക്കിയ റവന്യൂ ഓഫീസർമാർ, സൂപ്രണ്ടുമാർ, ക്ലാർക്കുമാർ, ബിൽ കളക്ടർമാർ എന്നിവരടങ്ങിയ 112 ജീവനക്കാർക്ക് (അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു) ബാദ്ധ്യത തിട്ടപ്പെടുത്തി നോട്ടീസ് അയച്ചതിൻ പ്രകാരം കാലഹരണപ്പെട്ട തുക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദവിവരം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്ക് ബാദ്ധ്യത തിട്ടപ്പെടുത്തി തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയത് പ്രകാരം ടി ജീവനക്കാർ പ്രസ്തുത നോട്ടീസിനെതിരെ, ഈ ഓഫീസിൽ ഇപ്പോഴുള്ള ജീവനക്കാർ, ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യു.പി. (സി) 14287/09 നമ്പറായി കേസ് ഫയൽ ചെയ്യുകയും കോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിട്ടയർ ചെയ്തവർക്കും മറ്റ് ഓഫീസിലേയ്ക്ക് മാറിപ്പോയവർക്കും നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.3 കാലഹരണപ്പെട്ട തുക ഈടാക്കുന്നതിനെതിരെ ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ബഹു. കോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. സ്റ്റേ നീക്കം ചെയ്യാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും കാലഹരണപ്പെട്ട നികുതി കുടിശ്ശിക ഈടാക്കുവാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.1.4 പ്രസ്തുത വിഷയത്തിലുള്ള സ്റ്റേ നീക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത കേസ്സിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനും നിർദ്ദേശിക്കുകയും ആയത് സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്</u>
<u>സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

2.1.5 WP/14287/09, WP/5452/09 നമ്പർ കേസ്സുകളിലെ സ്റ്റേ നീക്കം ചെയ്യാൻ വക്കീലിന് കത്തു നൽകുകയും പിന്നീട് ഓർമ്മക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.6 WP(c)/14287/09, WP(c)/15452/09 എന്നീ കേസ്സുകളിലെ സ്റ്റേ നീക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് സ്റ്റാന്റിംഗ് കൗൺസിലിന് കത്ത് നൽകിയതായി ഓഡിറ്റിനെ അറിയിച്ചു. ഈ കാര്യത്തിൽ സ്റ്റാൻന്റിംഗ് കൗൺസിൽ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കപ്പെട്ടതായി ഫയലിൽ രേഖകളില്ല.

**തുടർ ശിപാർശ**

**2.1.7 പ്രസ്തുത വിഷയത്തിലുള്ള കേസ്സുകളിലെ സ്റ്റേ നീക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനുള്ള കാരണം ആരായുന്നതിനും സ്റ്റേ നീക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 36**

<u>ശിപാർശ</u>

2.2.1 ബസ്സ്റ്റാന്റ് ഫീസിനത്തിൽ ശ്രീ. ഇ. ചന്ദ്രശേഖരനിൽ നിന്ന് പിരിച്ചെടുത്തതായ 9,15,751 രൂപയെ സംബന്ധിച്ച വിവരങ്ങൾ 1991, 1992, 1993 കാലയളവിലെ ബസ് സ്റ്റാന്റ് ഫീസ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ബസ് സ്റ്റാന്റ് ഫീസിനത്തിനുവേണ്ടി അടവാക്കിയിട്ടുള്ളതാണ് 9,15,751 രൂപ എന്ന് തെളിയിക്കുന്ന രേഖകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റിന് കൈമാറണമെന്ന് കോഴിക്കോട് കോർപ്പറേഷനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.

<u>7-12-2009-ലെ കത്തു പ്രകാരം ലഭിച്ച കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.2 നഗരസഭ ഹാജരാക്കിയ ചിട്ടകൾ പരിശോധിച്ച് താഴെപ്പറയുന്ന അഭിപ്രായം പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1991, 1992, 1993 കാലയളവുകളിലെ ചിട്ടകൾ പരിശോധിച്ചതിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ തുകകൾ അടവാക്കിയതായി കാണുന്നുണ്ട്. എന്നാൽ ഇവ ബസ്സ്റ്റാന്റ് ഫീസിനത്തിലേയ്ക്കാണ് അടവാക്കിയത് എന്ന് തെളിയിക്കാൻ നഗരസഭയ്ക്കായിട്ടില്ല. പ്രസ്തുത കാലയളവിലെ വരവ് രജിസ്റ്റർ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കി നിജസ്ഥിതി തെളിയിക്കാൻ നഗരസഭയ്ക്കായിട്ടില്ല. കൂടാതെ മേൽ കാലയളവിൽ ശ്രീ. ഇ. ചന്ദ്രശേഖരൻ 9,15,751 രൂപ അടവാക്കിയതായി പറയുന്നുണ്ടെങ്കിലും നഗരസഭ ഹാജരാക്കിയ അടവ് വിവരം സംബന്ധിച്ച വിശദാംശങ്ങളിൽ 8,65,751 രൂപ മാത്രമാണുള്ളത്. ഇതിൽ ചിട്ടയുമായി ഒത്തുനോക്കാൻ സാധിച്ചത് 6,37,746 രൂപയുടെ അടവുവിവരമാണ്. ഇതുതന്നെ ബസ്സ്റ്റാന്റ് ഫീസിനത്തിലാണ് ടിയാൻ അടവാക്കിയത് എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.3 ടി കാലയളവിലെ ചിട്ട കത്ത് സഹിതം ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധിക്കുന്നതിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.4 ബസ്സ്റ്റാന്റ് ഫീസ് ഇനത്തിൽ ശ്രീ. ഇ. ചന്ദ്രശേഖരനിൽ നിന്നും ഈടാക്കേണ്ട തുകയായ 9,15,751 രൂപയിൽ 8,65,751 രൂപ ഈടാക്കിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ശേഷിക്കുന്ന 50,000 രൂപ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെടാവുന്നതാണ്.

19-1-2012-ലെ യോഗം ആരാഞ്ഞ അധിക വിവരം

2.2.5 ബസ്സ്റ്റാന്റ് ഫീസിനത്തിൽ ഇനിയും ഈടാക്കാനുള്ള 50,000 രൂപ ഈടാക്കി ആയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

19-1-2012 -ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്
സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

2.2.6 ശ്രീ. ഇ. ചന്ദ്രശേഖരൻ, സ്റ്റാന്റ് ഫീയിനത്തിൽ കോർപ്പറേഷനിൽ തുക അടവാക്കിയതിനുള്ള രേഖ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ പരിശോധനയ്ക്ക് ഹാജരാക്കിയതിൽ 50,000 രൂപയുടേതൊഴികെ ബാക്കിയുള്ള തുക വരവ് വന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. സ്റ്റാന്റ് ഫീയിനത്തിൽ തുക അടവാക്കിയതിനുള്ള രശീതികൾ ഹാജരാക്കുന്നതിന് ശ്രീ. ചന്ദ്രശേഖരന് നോട്ടീസ് അയച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.7 ശ്രീ. ഇ. ചന്ദ്രശേഖരൻ സ്റ്റാന്റ് ഫീയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന 50,000 രൂപ അടവാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**തുടർ ശിപാർശ**

**2.2.8 ബസ് സ്റ്റാന്റ് ഫീയിനത്തിൽ അടവാക്കാനുള്ള 50,000 രൂപ കൂടി അടിയന്തരമായി ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 37**

ശിപാർശ

2.3.1 ബാക്കിയുള്ള മൂന്ന് ലൈസൻസികളിൽ നിന്ന് ബസ്സ്റ്റാന്റ് ഫീസ് പിരിച്ചെടുക്കുന്നതിനുവേണ്ടി ഫയൽ ചെയ്ത കേസിന്റെ വിചാരണ തീയതിയിൽ കോർപ്പറേഷൻ വക്കീൽ കോടതിയിൽ ഹാജരാകാതിരുന്നതാണ് കോർപ്പറേഷന് എതിരായി വിധിയുണ്ടാകുന്നതിന് കാരണമെന്നതിനാൽ കോർപ്പറേഷൻ വക്കീൽ കോടതിയിൽ ഹാജരാകാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കി ആവശ്യമെങ്കിൽ പബ്ലിക് അക്കൗണ്ട്സ് ആക്ട് അനുസരിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.3.2 എസ്.ടി.750/99 നമ്പർ കേസിൽ 22-9-2001-ന അഡ്വ. ഡെയ്സി ഡാനിയൽ ഹാജരായിരുന്നില്ല. ഇത് സംബന്ധിച്ച് അഡ്വക്കേറ്റ് നൽകിയ മറുപടി സുഖമില്ലാതിരുന്നതിനാൽ മറ്റൊരു അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിരുന്നു എന്നാണ്. എന്നാൽ വക്കാലത്തിന്റെ കാരണം പറഞ്ഞ് ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് ഹാജരായില്ലെന്ന് അഡ്വ. ഡെയ്സി ഡാനിയൽ അറിയിച്ചിരുന്നു. ഡിലെ പെറ്റീഷനോടുകൂടി അപ്പീൽ ഫയൽ ചെയ്യാമെന്ന് ടി അഡ്വക്കേറ്റും അറിയിച്ചിരുന്നു. സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ. ഇ. അശോകനും ടി അഭിപ്രായം രേഖാമൂലം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 10-7-2003-ലെ എ 32-80780/96 നമ്പർ കത്ത് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വ. കെ.പി.ജി. മേനോന് നൽകിയതായി കാണുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി കാര്യം അന്വേഷിച്ചതിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ലെന്നാണ് കാണുന്നത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി അഡ്വ. കെ. പി. ജി. മേനോൻ തീരെ സുഖമില്ലാത്ത അവസ്ഥയിലാണെന്നും അറിയുന്നു. ശ്രീ. മഹേഷ് എന്ന ലൈസൻസിക്ക് പ്രിന്റിംഗ് ഇനത്തിൽ നൽകാനുള്ള 1,17,550 രൂപ തടഞ്ഞുവച്ചിട്ടുണ്ട്. അതിനെതിരെ ഒ.എസ്./21/2009 നമ്പറായി മഹേഷ് അഡീഷണൽ സബ് കോടതിയിൽ കേസ് ഫയൽ ചെയ്തു നടപടി നടത്തി വരുന്നു. ഇതേ വിഷയം സംബന്ധിച്ച് മെസേഴ്സ് കേരള പ്രിന്റിംഗ് വർക്സ് എന്ന സ്ഥാപനം ഇതേ കോടതിയിൽ ഒ.എസ്./407/2008 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ രണ്ടു കേസ്സുകളും 31-1-2012-ന് ഒന്നിച്ച് വിചാരണയ്ക്ക് എടുക്കുന്നതിന് ലിസ്റ്റ് ചെയ്തിട്ടുണ്ടെന്ന് കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസൽ അറിയിച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.3.3 ബസ്സ്റ്റാന്റ് ഫീസ് സംബന്ധിച്ച കേസ്സിൽ കോടതിയിൽ ഹാജരാകാതിരുന്ന വക്കീലിൽ നിന്നും വിശദീകരണം ലഭ്യമാക്കിയതായോ,പബ്ലിക് അക്കൗണ്ടൻസ് ആക്ട് അനുസരിച്ച് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

## 19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.3.4 സമിതി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിൽ അലംഭാവം കാട്ടുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപവും സമിതിയോടുള്ള അനാദരവുമാണെന്ന് വിലയിരുത്തിയ സമിതി സമിതിയുടെ ശിപാർശ നടപ്പാക്കുന്നതിൽ അലംഭാവം കാട്ടിയ ഉദ്യോഗസ്ഥരുടെ മേൽ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടു.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്
സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

2.3.5 കോഴിക്കോട് കോർപ്പറേഷൻ വക ബസ്സ്റ്റാന്റുകളിൽ നിന്നും ബസ്സ്റ്റാന്റ് ഫീ പിരിക്കുന്നതിനുള്ള കുത്തകാവകാശം നേടിയ ലൈസൻസികളിൽ നിന്നും 1993-94, 1995-96, 1997-98 എന്നീ കാലയളവുകളിലെ കുടിശ്ശിക അടയ്ക്കാത്തതിന് എതിരെ ഫയൽ ചെയ്ത ST-750/99 നമ്പർ കേസ്സിൽ കോർപ്പറേഷനെതിരായി വിധിയാവുകയും, ഇതിനെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിക്കുകയും, യഥാസമയം തുടർ നടപടി സ്വീകരിക്കാത്തതുമൂലം കോർപ്പറേഷന് നഷ്ടമായ 1,72,521 രൂപ പലിശ സഹിതം ഈടാക്കുന്നതിന് നടപടിയാകുകയും ചെയ്തതാണ്. താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

| | | |
|---|---|---|
| 1. | ശ്രീമതി കെ. എൻ. രാധ (റിട്ട. യു.ഡി.സി.) രൂപയും നിയമാനുസൃത പലിശയും | 69,936 |
| 2. | ശ്രീ. ജസ്റ്റിൻ സുരേഷ് (യു.ഡി.സി.) രൂപയും നിയമാനുസൃത പലിശയും | 25,646 |
| 3. | ശ്രീ. രഘുനാഥ് (യു.ഡി.സി.) രൂപയും നിയമാനുസൃത പലിശയും | 25,646 |
| 4. | ശ്രീ. കൃഷ്ണ ചന്ദ്രൻ (യു.ഡി.സി.) രൂപയും നിയമാനുസൃത പലിശയും | 25,646 |
| 5. | ശ്രീ. പി.വി. മുരളീധരൻ (റിട്ട. സൂപ്രണ്ട്) രൂപയും നിയമാനുസൃത പലിശയും | 25,646 |

ആയത് പ്രകാരം ശ്രീ. ജസ്റ്റിൻ സുരേഷിൽ നിന്ന് 1,000 രൂപ വീതം 10,000 രൂപയും ശ്രീ. കൃഷ്ണചന്ദ്രനിൽ നിന്നും 1,000 രൂപ വീതം 9,000 രൂപയും ഉൾപ്പെടെ മൊത്തം 19,000 രൂപ ഈടാക്കിയിട്ടുണ്ട്. റിക്കവറി നടന്നുവരുന്നതിനിടയിൽ ശ്രീ. ജസ്റ്റിൻ സുരേഷ്, ശ്രീ. കൃഷ്ണചന്ദ്രൻ എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WA 1501/12 അപ്പീലിന്മേൽ നടപടി തീർപ്പാക്കുന്നതുവരെ സ്റ്റേ അനുവദിച്ചിട്ടുള്ളതാണ്. ശ്രീ. പി. വി. മുരളീധരനിൽ നിന്നും തുക ഈടാക്കുന്നതിനായി വീണ്ടും നോട്ടീസ് നൽകിയിട്ടുള്ളതും 2-7-2013-ലെ രസീത് നമ്പർ 11301108024 പ്രകാരം 6,000 രൂപ ടിയാൻ കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയിട്ടുള്ളതുമാണ്. കൂടാതെ ബഹു. ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിന് നഗരസഭാ സ്റ്റാൻഡിംഗ് കൗൺസൽ അഡ്വ. കെ. ഡി. ബാബു എന്നവർക്ക് 29-4-2013-ന് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ശ്രീമതി കെ. എൻ. രാധ (റിട്ട. യു.ഡി.സി.) ഫയൽ ചെയ്ത WP(C). 19156/2011 കേസ് തീർപ്പാക്കുന്നതുവരെ

തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിരോധന ഉത്തരവ് നിലവിലുള്ളതുമാണ്. ശ്രീ. രഘുനാഥിന് 25-9-2009-ന് ചാർജ് മെമ്മോ കൊടുത്തുവെങ്കിലും ശ്രീ. രഘുനാഥിന്റെ 30-10-2009-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാനെ 8-7-2010-ന് നേരിൽ കേൾക്കുകയുണ്ടായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടിയാന്റെ മൊഴിയിൽ 05.05 മുതൽ 10.05 വരെ 5½ മാസക്കാലം മാത്രമാണ് ടിയാൻ സെക്ഷനിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളൂ എന്ന് പറഞ്ഞിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ടിയാനെ നടപടികളിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

പബ്ലിക് അക്കൗണ്ട്സ് ആക്ട് അനുസരിച്ച് വക്കീലിനെതിരെ നടപടി സ്വീകരിക്കുന്നതിന് സമിതി നിർദ്ദേശിച്ചിട്ടും ആയത് നടപ്പിലാക്കാതെ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുകയോ, പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയോ നഗരസഭ അധികൃതർ ചെയ്തിരുന്നില്ല. പ്രസ്തുത കാലയളവിൽ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരുടെ പേര് വിവരം ഇപ്പോൾ നഗരസഭ ലഭ്യമാക്കിയിട്ടുണ്ട്. 2009 മുതൽ 2011 വരെ പ്രസ്തുത സെക്ഷനിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരായ ശ്രീമതി ജറീഷ ലത്തീഫ് (എൽ.ഡി.സി.), ശ്രീമതി എ. ബിന്ദു (യു.ഡി.സി.), ശ്രീമതി വി. എസ്. ഹണി (യു.ഡി.സി.), ശ്രീമതി എം. ബിന്ദു (യു.ഡി.സി.) എന്നീ ജീവനക്കാർക്കെതിരെ അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്. വീഴ്ച വരുത്തിയ വക്കീൽ ഇപ്പോൾ കോർപ്പറേഷനുവേണ്ടി വിവിധ കോടതികളിൽ ഹാജരാകുന്ന വക്കീലന്മാരുടെ പാനലിൽ ഇല്ല എന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.3.6 ബസ്സ്റ്റാന്റ് ഫീസിനത്തിൽ 1993-94-ൽ ശ്രീ. അനിൽകുമാർ 44,290 രൂപയും 1995-96-ൽ ശ്രീ. വി. ടി. വിനോദ് കുമാർ 75,056 രൂപയും അടവാക്കാനുള്ളതായി നഗരസഭാ സെക്രട്ടറി നിയമസഭാസമിതിയെ അറിയിച്ചിട്ടുണ്ട്. 1997-98-ലെ ലൈസൻസി യായിരുന്ന ശ്രീ. ഇ. മഹേഷിൽ നിന്നും 53,175 രൂപയും പലിശയും കുടിശ്ശികയുള്ളത് ഈടാക്കുന്നതിനായാണ് കോഴിക്കോട് സ്പെഷ്യൽ ജുഡീഷ്യൽ 2-ാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എസ്.ടി. 750/99 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുള്ളത്. എന്നാൽ അഡ്വ. ഡെയ്സി ഡാനിയൽ കോടതിയിൽ ഹാജരാകാതിരുന്നതിനാൽ കേസ് തള്ളുകയും അപ്പീൽ നൽകാമെന്ന് ലീഗൽ ഒപ്പീനിയൻ ലഭിച്ചിരുന്നിട്ടും അപ്പീൽ ഫയൽ ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി കാണുന്നുണ്ട്. അസുഖംമൂലം കോടതിയിൽ ഹാജരാകാൻ സാധിച്ചില്ലെന്നും പകരം വക്കീലിനെ ഏർപ്പാടാക്കിയിരുന്നിട്ടും വക്കാലത്തില്ലെന്ന കാരണത്താൽ മജിസ്ട്രേറ്റ് കേസ് തള്ളിയത് ശരിയായിരുന്നില്ലെന്നും ആയതിനാൽ എല്ലാ വിധത്തിലും അപ്പീൽ നൽകാവുന്ന കേസാണെന്നും വക്കീൽ 7-5-2003-ന് അറിയിച്ചിരുന്നു. എസ്.ടി. 750/99 കേസ്സിന്റെയോ വിധിയുടെയോ പകർപ്പ് ലഭ്യമല്ലെന്ന് ഫയൽ പരിശോധിച്ചതിൽ കാണുന്നു. അപ്പീൽ ഫയൽ ചെയ്യുന്നതിനായി നൽകിയ രേഖകൾ, റിപ്പോർട്ടുകൾ ഒന്നും തന്നെ കാണുന്നില്ലെന്ന് നോട്ട് ഫയലിൽ (എ.32/80780/96) 6-10-2007-ന് രേഖപ്പെടുത്തിയിട്ടുണ്ട്.

1993-94, 1995-96 വർഷങ്ങളിലെ കുടിശ്ശികകൾ ഈടാക്കുന്നതിന് ശ്രീ. അനിൽ കുമാർ, ശ്രീ. വി. ടി. വിനോദ്കുമാർ എന്നിവർക്കെതിരെ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മേൽപ്പറഞ്ഞ മൂന്ന് ലൈസൻസികളുടെയും ആകെ കുടിശ്ശിക 1,72,521 രൂപ പലിശ സഹിതം ഈടാക്കുന്നതിനാണ് നഗരസഭ മറുപടിയിൽ പറഞ്ഞ അഞ്ച് ജീവനക്കാർക്കെതിരെ നടപടി ആരംഭിച്ചിരുന്നത്. ഇതിൽ ശ്രീ. ജസ്റ്റിൻ സുരേഷിൽ നിന്നും 10,000 രൂപയും ശ്രീ. കൃഷ്ണചന്ദ്രനിൽ നിന്ന് 9,000 രൂപയും ശമ്പള റിക്കവറിയിലൂടെ ഈടാക്കിയിട്ടുണ്ട്.

എന്നാൽ ഈ രണ്ട് പേർക്കും ഡബ്ല്യു.എ. 1501/12 അപ്പീലിന്മേൽ അന്തിമ ഉത്തരവ് വരെ കോടതി സ്റ്റേ അനുവദിച്ചിട്ടുള്ളതിനാൽ 2012 സെപ്തംബറിനു ശേഷം റിക്കവറി നടത്തിയിട്ടില്ല. ശ്രീ. പി. വി. മുരളീധരൻ, സൂപ്രണ്ട് (റിട്ട.) നോട്ടീസ് പ്രകാരം 25,646 രൂപയും പലിശയും അടവാക്കേണ്ടതുണ്ടെങ്കിലും 2-7-2013-ന് രസീത് നമ്പർ 01/11301108024 പ്രകാരം 6,000 രൂപ മാത്രമേ അടവാക്കിയിട്ടുള്ളു. ടിയാനിൽ നിന്ന് ബാക്കി തുക ഈടാക്കാതിരിക്കാൻ ഏതെങ്കിലും കേസുകളോ കോടതി സ്റ്റേയോ ഉള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. എന്നാൽ ശ്രീമതി കെ. എൻ. രാധ, യു.ഡി.സി. (റിട്ട.) ഫയൽ ചെയ്ത ഡബ്ല്യു.പി.(സി.) 19156/2011-ാം നമ്പർ കേസിൽ 14-7-2011-ന് ഇടക്കാല ഉത്തരവ് നിലവിലുള്ളതായും കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നതായും അഡ്വ. കെ. ഡി. ബാബു (സ്റ്റാന്റിംഗ് കൗൺസൽ) 20-7-2013-ന് നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഉത്തരവിന്റെ പകർപ്പ് ഫയലിൽ ഇല്ല. ഈ ജീവനക്കാരിയിൽ നിന്ന് 69,936 രൂപ പലിശ സഹിതം ഈടാക്കാൻ നോട്ടീസ് നൽകിയിരുന്നെങ്കിലും ഇതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല. ശ്രീ. എൻ. രഘുനാഥ് (യു.ഡി.സി.)യ്ക്ക് 26-6-2009-നു ടിയാന്റെ മറുപടി നിരസിച്ച ശേഷം 7-9-2009-നു മെമ്മോ നൽകിയതായി കാണുന്നു. ഇദ്ദേഹത്തിന് 25,646 രൂപയും പലിശയുമാണ് ബാദ്ധ്യതയായി നിജപ്പെടുത്തിയിരുന്നത്. എന്നാൽ ടിയാനെതിരെയുള്ള നടപടികൾ അവസാനിപ്പിച്ചതായി തീരുമാനമെടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച യാതൊരു കാര്യവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ടിയാന്റെ ബാദ്ധ്യതയായി കണക്കാക്കിയിരുന്ന 25,646 രൂപയും പലിശയും ഏതു വിധത്തിൽ, ആരിൽ നിന്നീടാക്കണമെന്ന കാര്യത്തിലും യാതൊരു പരാമർശവും ഫയലിലില്ല. എസ്.ടി. 750/99 നമ്പർ കേസിൽ ഹാജരാകാതിരുന്നത് അസുഖം മൂലമാണെന്നും കോടതിയിൽ പകരം ഹാജരാകുന്നതിന് മറ്റൊരു വക്കീലിനെ ഏർപ്പെടുത്തിയിരുന്നെങ്കിലും കോടതി അത് അംഗീകരിക്കാതെ കേസ് തള്ളുകയാണുണ്ടായതെന്നും ഇത് ശരിയായ നിലപാടായിരുന്നില്ലെന്നും എല്ലാ വിധത്തിലും അപ്പീൽ ചെയ്യാവുന്ന കേസായതിനാൽ ഡിലേ പെറ്റീഷനോടൊപ്പം അപ്പീൽ ഫയൽ

ചെയ്യണമെന്നും 7-5-2003-ന് അഡ്വ. ഡെയ്സി ഡാനിയൽ കോഴിക്കോട് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയ വിശദീകരണത്തിൽ പറയുന്നു. ഈ മറുപടിയ്ക്കും ആ സമയത്തെ സ്റ്റാന്റിംഗ് കൗൺസിലായ ശ്രീ. ഇ. അശോകന്റെ ലീഗൽ ഒപ്പീനിയനും അനുസൃതമായി ടി കേസ് വിധിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്യാൻ നടപടികൾ ആരംഭിച്ചിരുന്നതായും ഫയലിൽ നിന്നു വ്യക്തമാവുന്നു. എന്നാൽ പിന്നീട് ഇത് വരെ അപ്പീൽ ഫയൽ ചെയ്യപ്പെട്ടിട്ടില്ല. വക്കീലിനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരെ നിർണ്ണയിച്ചതിന്റെയോ ടിയാളുകൾക്കെതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. പബ്ലിക് അക്കൗണ്ട്സ് ആക്റ്റ് പ്രകാരം വക്കീലിനെതിരെ നടപടി കൈക്കൊള്ളാൻ ജീവനക്കാർക്ക് നിർദ്ദേശം നൽകിയതിന്റെയോ ആയതിൽ ഏതെങ്കിലും ജീവനക്കാർ വീഴ്ച വരുത്തിയതായി കണ്ടെത്തിയതായോ ഉള്ള രേഖകളൊന്നും തന്നെ മേൽ കേസ് സംബന്ധിച്ച ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ തുടർ നടപടികൾക്കായി അറിയിക്കുന്നു.

**തുടർശിപാർശ**

**2.3.7 ബസ്സ്റ്റാന്റ് ഫീസിനത്തിൽ 1993-94, 1995-96 വർഷങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ രേഖകളും വക്കീലിനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ രേഖകളും മറ്റു വിശദാംശങ്ങളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 38**

ശിപാർശ

2.4.1 ലൈസൻസികളിൽ നിന്ന് യഥാസമയം തുക ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതിലും, കേസ് ഫയൽ ചെയ്യുന്നതിനുമായി ഫയൽ വക്കീലിനു കൈമാറിയതിനു ശേഷം, ഫയൽ തിരികെ വാങ്ങി അതിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയിട്ടുള്ളതായി സമിതി വിലയിരുത്തി. കോഴിക്കോട് കോർപ്പറേഷന്റെ കേസ് നടത്തിപ്പിൽ കോർപ്പറേഷൻ അധികൃതരുടെ ഭാഗത്തു തികഞ്ഞ അനാസ്ഥയും വീഴ്ചയുമാണുണ്ടായിരിക്കുന്നത്. ആയതിനാൽ, കോർപ്പറേഷന് നഷ്ടമായ 1,72,521 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 വീഴ്ച വരുത്തിയ അന്നത്തെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീമതി കെ. എൻ. രാധ (റിട്ട. യു. ഡി. സി), ശ്രീ. പി വി. മുരളീധരൻ (റിട്ട. സൂപ്രണ്ട്) എന്നിവർക്കെതിരെ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിക്കായി ജില്ലാ കലക്ടർക്കയക്കുകയും ജില്ലാ കലക്ടർ നടപടിക്കായി തഹസിൽദാർ (ആർ.ആർ.)ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കൃഷ്ണചന്ദ്രൻ, ശ്രീ. ജസ്റ്റിൻ സുരേഷ് എന്നിവർ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ. പി. (സി.) 10888/10 നമ്പറായി കേസ് ഫയൽ ചെയ്യുകയും തുക ഈടാക്കുന്നതിനെതിരെ ബഹു. കോടതി സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ് തീർപ്പായിട്ടില്ലെന്നും കോർപ്പറേഷൻ സ്റ്റാന്റിംഗ് കൗൺസൽ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.4.3 കോർപ്പറേഷന് നഷ്ടമായ 1,72,521 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളതും ആയതിനെതിരെ ബന്ധപ്പെട്ട ജീവനക്കാർ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കോടതി തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കം ചെയ്യാനുള്ള അടിയന്തര നടപടികൾ സ്വീകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്.

<u>19-1-2012-ലെ സമിതി യോഗ നിർദ്ദേശം</u>

2.4.4 റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തുകയും പ്രസ്തുത കേസ്സിലുള്ള ഹൈക്കോടതി സ്റ്റേ 2 വർഷമായിട്ടും നീക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യപ്പെട്ടു.

കോർപ്പറേഷന്റെ കേസ്സുകളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി ഒരു ലീഗൽ സെൽ അനുവദിക്കണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

2.4.5 സർവ്വശ്രീ. പി. വി. മുരളീധരൻ (റിട്ട. സൂപ്രണ്ട്), ജസ്റ്റിൻ സുരേഷ് (റവന്യൂ ഇൻസ്പെക്ടർ), കൃഷ്ണചന്ദ്രൻ (യു.ഡി. ക്ലാർക്ക്) എന്നിവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി.) 10888/2010 നമ്പർ കേസ്സിൽ ശ്രീ. പി. വി. മുരളീധരൻ സമർപ്പിച്ച മറുപടി പരിഗണിക്കാതെ ഏകപക്ഷീയമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചത്

ശരിയായ നടപടിയല്ലെന്നും ആയത് നിലനിൽക്കുന്നതല്ലെന്നും അതുകൊണ്ട് റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്തു കൊണ്ടും ടിയാന് പുതുതായി നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാമെന്നും അതേ സമയം സർവ്വശ്രീ ജസ്റ്റിൻ സുരേഷ്, കൃഷ്ണചന്ദ്രൻ എന്നിവർക്കെതിരെ നടപടികൾ തുടരാമെന്നും വിധിയായിട്ടുള്ളതാണ്. ഇതേ തുടർന്ന് ശ്രീ. മുരളീധരനെതിരെയുള്ള റിക്കവറി നടപടികൾ നിർത്തിവെക്കുന്നതിന് തഹസീൽദാർക്ക് കത്ത് നൽകുകയും ടിയാന് പുതുതായി നോട്ടീസ് നൽകുന്നതിനും, ജസ്റ്റിൻ സുരേഷ്, കൃഷ്ണചന്ദ്രൻ എന്നിവരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം 1000 രൂപ വീതം 2012 ഏപ്രിൽ മാസം മുതൽ റിക്കവറി നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

ശ്രീമതി കെ. എൻ. രാധ (റിട്ട. യു.ഡി.സി.) ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി.) 19156/2011 കേസ് തീർപ്പാക്കുന്നതുവരെ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിരോധന ഉത്തരവ് നിലവിലുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.4.6 ശ്രീ. ജസ്റ്റിൻ സുരേഷ് (റവന്യൂ ഇൻസ്പെക്ടർ), കൃഷ്ണചന്ദ്രൻ (യു.ഡി. ക്ലാർക്ക്) എന്നിവരുടെ ശമ്പളത്തിൽ നിന്ന് 2012 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ മാത്രം 1000 രൂപ വീതം റിക്കവറി നടത്തിയിട്ടുണ്ട്. തുടർന്ന് ഡബ്ല്യൂ.പി.(സി.) 10888/2010 നമ്പർ കേസിലെ കോടതി വിധിക്കെതിരെ മേൽ ജീവനക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം. ഡബ്ല്യൂ.എ. 1501/2012 തീയതി 7-9-2012 അന്തിമ വിധി വരുന്നതുവരെ റിക്കവറി നടപടികൾ സ്റ്റേ ചെയ്തതായി കാണുന്നു. ശ്രീമതി കെ. എൻ. രാധ (യു.ഡി. ക്ലാർക്ക്) ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി.) 19156/2011 കേസ് തീർപ്പായതായി കാണുന്നില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടില്ല.

**തുടർശിപാർശ**

**2.4.7 നിലവിലുള്ള കേസ് (ഡബ്ല്യൂ.പി.(സി.) 19156/2011) തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.**

**2.4.8 കോർപ്പറേഷന്റെ കേസ്സുകളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി ലീഗൽ സെൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 46**

<u>ശിപാർശ</u>

2.5.1 ലൈസൻസ് പുതുക്കാതെ നഗരസഭയുടെ കെട്ടിടങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ലൈസൻസികളെ അടിയന്തരമായി ഒഴിപ്പിക്കുന്നതിനും, ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.2 ഈ വിഷയത്തിൽ ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ട്. 320 കെട്ടിടങ്ങൾക്ക് ലൈസൻസ് പുതുക്കാതിരുന്നത് പുതുക്കി കരാർ വെച്ച് അനധികൃത കൈവശം ഒഴിവാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.3 ലൈസൻസ് പുതുക്കാതെ നഗരസഭയുടെ കെട്ടിടങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ലൈസൻസികളെ ഒഴിപ്പിക്കുന്നതിനും ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.5.4 ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുക.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

2.5.5 കേസുള്ള 11 മുറികളിൽ 10 എണ്ണത്തിന്റേയും ഫയലുകൾ 6-3-2013-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ ഹാജരാക്കിയിട്ടുള്ളതാണ്. ഐ.ജി. റോഡ് ബസ്സ്റ്റാന്റ് കെട്ടിടത്തിലെ ജി9 നമ്പർ മുറിയുടെ ലൈസൻസി നഗരസഭയ്ക്കെതിരെ ഫയൽ ചെയ്ത ഒ.എസ്.178/03, എ.എസ്.173/08 നമ്പർ കേസ്സുകളുടെ ആവശ്യാർത്ഥം ടി മുറിയുടെ എ.29/9746/92 നമ്പർ ഫയൽ നഗരസഭാ സ്റ്റാൻഡിഗ് കൗൺസിൽ അഡ്വ. ഇ. അശോകൻ ആവശ്യപ്പെട്ട പ്രകാരം നൽകുകയും വക്കീൽ 7-1-2008-ന് ഫയൽ എക്സിബിറ്റ് ആയി ബഹു. കോഴിക്കോട് ജില്ലാ കോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഫയൽ തിരികെ നഗരസഭയിൽ തിരിച്ചേൽപ്പിക്കാൻ 18-6-2013-ന് വക്കീലിന് കത്തു നൽകുകയും ആയതു പ്രകാരം വക്കീൽ 20-6-2013-ന് കോടതിയിൽ നിന്ന് ഫയൽ തിരികെ ലഭിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടെന്ന വിവരവും അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.6 കേസ് നിലവിലുള്ള 11 മുറികളുടെയും ലൈസൻസ് ഫീസ് മാത്രമേ ഈടാക്കാൻ കുടിശ്ശികയായി അവശേഷിക്കുന്നുള്ളൂ എന്ന് ഓഡിറ്റിനെ നേരത്തെ അറിയിച്ചിട്ടില്ല. മുറികളുടെ ഫയലുകൾ 15-8-2011-നും കോടതി/സ്റ്റാൻഡിംഗ് കൗൺസലിൽ നിന്ന് ലഭ്യമായ ശേഷം ബാക്കി 6 മുറികളുടെ ഫയലുകളും പിന്നീട് ഹാജരാക്കിയത് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെപറയുന്നു.

മേൽപ്പറഞ്ഞ 11 മുറികളുടെ കാര്യത്തിലും ലൈസൻസ് പുതുക്കി കാലികമാക്കിയിട്ടില്ല. മിക്ക മുറികളുടെ ലൈസൻസികൾ ലക്ഷങ്ങളുടെ കുടിശ്ശിക ഇനിയും അടവാക്കാനുള്ളതായി പരിശോധനയിൽ കാണുന്നു. കുടിശ്ശിക ഒന്നും അടയ്ക്കാത്തതിനാൽ 4-ാം നമ്പർ മുറി 30-7-2013-ന് പൂട്ടി മുദ്രവച്ചതായി ഫയൽ നമ്പർ എ 29/55534/93-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജി.19-ാം നമ്പർ മുറിയ്ക്ക് 35 ലക്ഷത്തോളം കുടിശ്ശിക അവശേഷിക്കുന്നത് അടവാക്കാൻ 18-10-2013-ന് നോട്ടീസ് തയ്യാറാക്കിയതായി ഫയലിൽ കാണുന്നു. ജി.47-ാം നമ്പർ മുറിയുടെ ലൈസൻസ് ഫീ കുടിശ്ശിക ഏതാണ്ട് അടവാക്കിയെങ്കിലും 31-3-2003-ന് ശേഷം പുതുക്കി നൽകാനും ലൈസൻസ് ഫീ വ്യത്യാസം ഈടാക്കാനുമുള്ള നടപടികൾ ശേഷിക്കുന്നുണ്ട്. ചുരുക്കത്തിൽ മേൽപ്പറഞ്ഞ 11 മുറികളിൽ ഒന്നിലും കുടിശ്ശിക പൂർണ്ണമായും ഈടാക്കുകയോ ലൈസൻസ് കാലികമാക്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ ഇനിയും പൂർത്തിയായിട്ടില്ലെന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു.

**തുടർശിപാർശ**

**2.5.7 കേസ് നിലവിലുള്ള 11 മുറികളുടെയും ലൈസൻസ് ഫീ കുടിശ്ശിക പൂർണ്ണമായും ഈടാക്കിയതിന്റെയും ലൈസൻസ് പുതുക്കി കാലികമാക്കിയതിന്റെയും രേഖകളും മറ്റു വിശദാംശങ്ങളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 80**

ശിപാർശ

2.6.1 ലൈസൻസ് ഫീ പുതുക്കേണ്ട സമയത്ത് പുതുക്കുന്നതിന് നടപടി സ്വീകരിക്കാതെ വീഴ്ച വരുത്തി നഗരസഭയ്ക്ക് ലക്ഷങ്ങളുടെ നഷ്ടം വരുത്തിയത് അന്നത്തെ റവന്യൂ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണ്ട് അവരിൽ നിന്ന് ആ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 മുൻവർഷങ്ങളിൽ യഥാസമയം നടപടി സ്വീകരിക്കാതെ വന്നതിനാലാണ് മേൽപ്പറഞ്ഞ തടസ്സം റിപ്പോർട്ട് ചെയ്തത്. മുൻവർഷങ്ങളിലേയ്ക്ക് പുതുക്കി നൽകി വരുന്നുണ്ട്. ഇങ്ങനെ പുതുക്കുമ്പോൾ മുൻകാലം മുതൽ വരുന്ന പുതുക്കിയ ലൈസൻസ് ഫീസും ലൈസൻസ് ഫീ വ്യത്യാസവും ഈടാക്കി വരുന്നുണ്ട്. കേസ് ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ എന്നിവയിൽ ഉൾപ്പെടുന്നതൊഴികെ മറ്റുള്ള മുറികളുടെ കാര്യത്തിൽ മേൽ പറഞ്ഞ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ പേരിൽ ജപ്തി/റവന്യൂ റിക്കവറി നടപടി സ്വീകരിച്ച്

വരുന്നുണ്ട്. മേൽ പറഞ്ഞ പ്രകാരം ഐ. ജി. റോഡ് ബസ്സ്റ്റാന്റ് കെട്ടിടത്തിലെ 5 മുറികൾ, ജയന്തി കെട്ടിടത്തിലെ 2 മുറികൾ, ചെറൂട്ടി കെട്ടിടത്തിലെ 1 മുറി, സ്റ്റേഡിയം കെട്ടിടത്തിലെ 2 മുറികൾ എന്നിവ പുതുക്കി നൽകിയതാണ്. ഇവരിൽ നിന്നും മുൻകാലത്തെ ലൈസൻസ് ഫീസും വ്യത്യാസവും ഈടാക്കിയിട്ടുണ്ട്. അതു കൊണ്ടുതന്നെ മേൽപ്പറഞ്ഞ കേസുകളിൽ നഷ്ടം വന്നത് ഈടാക്കിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.3 ലൈസൻസ് ഫീസിനത്തിൽ നഗരസഭയ്ക്ക് നഷ്ടം വന്ന തുക ബന്ധപ്പെട്ട ലൈസൻസികളിൽ നിന്നും ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

2.6.4 ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്</u>
<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

2.6.5 നിർദ്ദേശപ്രകാരം ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിൽ സമർപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.6 ലൈസൻസ് ഫീ പുതുക്കാതെ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ ഫീ കുടിശ്ശിക പിഴ സഹിതം ഈടാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇന്ദിരാഗാന്ധി ബസ്സ്റ്റാന്റ് കെട്ടിടത്തിലെ ജി 47-ാം നമ്പർ മുറിയുടെയും ഐ.ജി ബസ്സ്റ്റാന്റ് കെട്ടിടം 4-ാം നമ്പർ (ഒന്നാം നില) മുറിയുടെയും ലൈസൻസ് ഫീ കുടിശ്ശികകൾ ഒഴികെയുള്ളവ ഈടാക്കിയതായി ബോദ്ധ്യപ്പെട്ടു. ഇതിൽ ജി 47-ാം നമ്പർ മുറിയുടമക്കെതിരെ കേസ് വിധിയായതിനാൽ 33,07,083 രൂപ ഗഡുക്കളായി അടവാക്കി വരുന്നതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഏതെങ്കിലും തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കുകയോ രേഖകൾ ഹാജരാക്കുകയോ ഉണ്ടായിട്ടില്ല. ഐ. ജി. റോഡ് ബസ്സ്റ്റാന്റ് 4-ാം നമ്പർ മുറിയുടമയിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്. ഇതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല.

23-4-2014-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.6.7 ലൈസൻസ് ഫീ പുതുക്കാതെ പ്രവർത്തിക്കുന്ന ജി. 47-ാം നമ്പർ മുറിയുടെ അവശേഷിക്കുന്ന ലൈസൻസ് ഫീ കുടിശ്ശിക (33,07,083 രൂപ) ഈടാക്കാൻ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ പത്തു ദിവസത്തിനകം അറിയിക്കണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ ഐ.ജി. ബസ്സ്റ്റാന്റ് കെട്ടിടത്തിൽ ജി. 4-ാം നമ്പർ മുറിയുടെ ലൈസൻസ് ഫീ കുടിശ്ശിക ഈടാക്കുന്നതിന് കോർപ്പറേഷൻ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് പത്തു ദിവസത്തിനകം നൽകുക. ഈടാക്കാത്ത പക്ഷം പ്രസ്തുത തുക ഈടാക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുക.

23-4-2014-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്
സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.6.8 (1) കോഴിക്കോട് നഗരസഭ വക IG റോഡ് ബസ് സ്റ്റാന്റിലെ G.47-ാം നമ്പർ മുറിയുടെ ലൈസൻസവകാശം 1-4-1997 മുതൽ 31-3-2000 വരെയും 1-4-2000 മുതൽ 31-3-2003 വരെയും പുതുക്കുന്നതിന് ലൈസൻസി അപേക്ഷിച്ച പ്രകാരം നഗരസഭ കൗൺസിലിന്റെ 22-2-2001-ലെ 131-ാം നമ്പർ തീരുമാന പ്രകാരം ഓരോ 3 വർഷത്തേയ്ക്കും ലൈസൻസ് ഫീസിൽ 20% വർദ്ധനവ് വരുത്തി, നിലവിലുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പുതുക്കി നൽകുന്നതിനു തീരുമാനിച്ചിരുന്നു. എന്നാൽ നഗരസഭയിൽ നിന്ന് ഓരോ 3 വർഷത്തേയ്ക്കും 40% വർദ്ധനവ് വരുത്തുന്നതിന് നോട്ടീസ് നൽകിയതിനെതിരെ ലൈസൻസി ബഹു. കോഴിക്കോട് അഡീഷണൽ സബ് കോടതി II-ൽ OS 93/2001 പ്രകാരം ഫയൽ ചെയ്ത കേസിൽ 24-2-2010-ലെ വിധി പ്രകാരം 40% ലൈസൻസ് ഫീ വർദ്ധന തെറ്റായതിനാൽ ഓരോ 3 വർഷത്തേക്കും 20% വീതം ലൈസൻസ് ഫീ വർദ്ധിപ്പിച്ചുകൊണ്ട് ലൈസൻസ് പുതുക്കി അനുവദിച്ചുകൊണ്ട് പുതിയ നോട്ടീസ് നൽകുന്നതിന് ഉത്തരവായത് പ്രകാരം കോർപ്പറേഷനിൽ നിന്ന് പുതുക്കിയ നോട്ടീസ് തയ്യാറാക്കിയതു പ്രകാരമാണ് 33,07,083 രൂപ അടയ്ക്കുന്നതിന് ആവശ്യപ്പെട്ടത്.

പ്രസ്തുത നോട്ടീസിനെതിരെ ലൈസൻസി സമർപ്പിച്ച അപേക്ഷയിൽ ടിയാൻ

| | |
|---|---|
| 15-2-2007 -ന് | 1,00,000 |
| 12-8-2009 | 50,000 |
| 9-12-2009 | 1,00,000 |
| 29-1-2010 | 50,000 |
| 29-5-2010 | 1,00,000 |
| 18-9-2012 | 5,22,000 |
| ആകെ | 9,22,000 രൂപ |

കോടതിയിൽ കെട്ടിവച്ചിട്ടുണ്ടെന്നും കോടതി വിധി പ്രകാരം പുതുതായി നോട്ടീസ് നൽകിയ ദിവസം മുതൽ മാത്രമെ പലിശ ഈടാക്കാൻ പറ്റൂ എന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുക കോടതിയിൽ അടച്ചോ എന്നത് സംബന്ധിച്ച റിപ്പോർട്ടിനായി നഗരസഭ സ്റ്റാന്റിംഗ് കൗൺസലിനു കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ പുതുതായി അയച്ച നോട്ടീസ് തീയതി മുതൽ മാത്രമെ പലിശ ഈടാക്കാൻ പറ്റൂവെന്നും കോടതിയിൽ അടച്ച തുക കോർപ്പറേഷനിലേയ്ക്ക് റിലീസ് ആക്കിത്തരുന്നതാണെന്ന് അറിയിക്കുകയും മേല്പറഞ്ഞ 9,22,000 രൂപയിൽ 4,00,000 രൂപ 28-2-2014-നും 5,22,000 രൂപ 4-3-2014-ലും നഗരസഭ ഫണ്ടിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുള്ളതാണ്.

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരമാണ് തുക അടക്കാനുള്ളതും അടച്ചതും.

| | |
|---|---|
| നോട്ടീസ് പ്രകാരം കോർപ്പറേഷൻ ആവശ്യപ്പെട്ട തുക (മുതൽ) | - 15,36,686 |
| പലിശ | - 17,70,397 |
| ആകെ | - 33,07,083 |
| കോർപ്പറേഷന് പലിശ ഒഴികെ ലഭിക്കേണ്ടുന്ന തുക | - 15,36,686 |
| കോടതിയിൽ അടച്ച തുക | - 9,22,000 |
| ബാക്കി | - 6,14,686 |

നഗരസഭ ട്രഷറിയിൽ നേരിട്ട് ഒടുക്കിയ തുക

| തീയതി | രശീതി നമ്പർ | തുക |
|---|---|---|
| 30-3-2013 | 11202138889 | 1,00,000 |
| 30-5-2013 | 11301105782 | 2,60,000 |
| 29-6-2013 | 11302111476 | 2,54,686 |
| | ആകെ | 6,14,686 |

ആയതുപ്രകാരം മേൽപ്പറഞ്ഞ മുറിയുടെ ലൈസൻസി, ബഹു. ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരമുള്ള മുഴുവൻ തുകയും അടച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു.

(2) കോർപ്പറേഷൻ വക IG റോഡ് ബസ്സ്റ്റാന്റിലെ G 4-ാം നമ്പർ മുറിയുടെ 9/1997 മുതൽ 7/2012 വരെയുള്ള ലൈസൻസ് ഫീസ് കുടിശ്ശിക തുക പിഴ സഹിതം 8,04,135 രൂപ ലഭിക്കുന്നതിലേയ്ക്കായി ലൈസൻസിയായ ശ്രീ. ജോൺ ഐപ്പ് എന്നവരുടെ അനന്തരാവകാശികളിൽ നിന്നും പാർട്ട്ണർമാരിൽ നിന്നും ഈടാക്കുന്നതിന് OS 830/97 നമ്പർ കോടതി വിധി പ്രകാരം ലൈസൻസിയായ ജോൺ ഐപ്പിന്റെ മകൻ ടിൻസി ജോൺ, മകൾ ടിൻസി, ഭാര്യ എൽസമ്മ എന്നിവരിൽ നിന്ന് 2,68,045 രൂപയും പാർട്ട്ണറായ ശ്രീ. വി. ആർ. സുനിലിൽ നിന്ന് 2,68,045 രൂപയും മറ്റൊരു പാർട്ട്ണറായ ശ്രീ. തയ്യിൽ നാണു എന്നവരിൽ നിന്ന് 2,68,045 രൂപയും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനെതിരെ ജോൺ ഐപ്പിന്റെ അവകാശികൾ കോഴിക്കോട് മുൻസിഫ് കോർട്ട് I-ൽ OS 554/13 ആയും ശ്രീ. തയ്യിൽ നാണു ബഹു. ഹൈക്കോടതിയിൽ 2961/14 നമ്പർ റിട്ട് ഹർജിയും, ശ്രീ. വി. ആർ. സുനിൽ ബഹു. ഹൈക്കോടതിയിൽ 7422/14 നമ്പർ റിട്ട് ഹർജിയും ഫയൽ ചെയ്തതു പ്രകാരം കേസ് നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ കേസിലും റവന്യൂ റിക്കവറി തഹസിൽദാരെയും ഉൾപ്പെടുത്തിയിട്ടാണ് കേസ് ഫയൽ ചെയ്തിട്ടുള്ളത് എന്ന വിവരവും അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.9 1. കോഴിക്കോട് നഗരസഭ വക IG റോഡ് ബസ്സ്റ്റാന്റിലെ ജി. 47-ാം നമ്പർ മുറിയുടെ ലൈസൻസ് ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ സബ് കോടതി II-ലെ ഒ.എസ് നമ്പർ 93/2001 കേസിലെ 24-2-2010-ലെ വിധി പ്രകാരം, ലൈസൻസ് പുതുക്കി അനുവദിച്ചതു പ്രകാരം 1-4-1997 മുതൽ 31-3-2013 വരെയുള്ള കാലയളവിലെ കുടിശ്ശികയായി 15,36,686 രൂപ ലൈസൻസി ശ്രീധരൻ നായർ നഗരസഭയിൽ അടവാക്കാനുണ്ട്. ആയതിൽ ലൈസൻസി ശ്രീധരൻ നായർ ഫീ ഇനത്തിൽ കോടതിയിൽ ഡെപ്പോസിറ്റ് ചെയ്ത 9,22,000 രൂപ താഴെ കൊടുത്തിരിക്കുന്ന രശീതികൾ പ്രകാരം നഗരസഭ ട്രഷറിയിൽ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു.

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 11304145040/04.03.14 | 522000 |
| 1130372622/28.02.14 | 400000 |
| | 922000 |

ബാക്കിയുള്ള 614686 രൂപ (1536686-922000) താഴെ കൊടുത്തിരിക്കുന്ന രശീതികൾ പ്രകാരം ലൈസൻസിയായ ശ്രീധരൻ നായർ നഗരസഭാ ട്രഷറിയിൽ അടച്ചതായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 11301105782/30-5-13 | 260000 |
| 11302111476/29-6-13 | 254686 |
| 11202138889/30-3-13 | 100000 |
| | 614686 |

(ഫയൽ നമ്പർ എ 29/55517/93)

2. ഐ. ജി. റോഡ് ബസ്സ്റ്റാന്റ് 4-ാം നമ്പർ മുറിയുടെ പാർട്ട്ണർമാരായ ശ്രീ. തയ്യിൽ നാണു മറ്റൊരു പാർട്ട്ണറായ വി.ആർ. സുനിലിന് മുറിയുടെ ലൈസൻസ് അനുവദിച്ചു കൊടുക്കുന്നതിനെതിരെ കോഴിക്കോട് മുൻസിഫ് കോർട്ട് II-ൽ ഫയൽ ചെയ്ത ഒ.എസ് 830/97 നമ്പർ കേസിന്റെ വിധി പ്രകാരം ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായ 8,04,135 രൂപ ലഭിക്കുന്നതിനായി പാർട്ട്ണർമാരായ ശ്രീ. തയ്യിൽ നാണു, വി.ആർ. സുനിൽ, മുറിയുടെ ലൈസൻസിയായിരുന്ന ജോൺ ഐപ്പിന്റെ അനന്തരാവകാശികൾ എന്നിവർക്കെതിരെ 20-7-2013-ന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത കേസ് 132/2000 എന്ന പേരിൽ റീനമ്പർ ചെയ്തിട്ടുള്ളതായും അന്യായക്കാരൻ കോടതിയിൽ ഹാജരാകാത്തതിനാൽ 20-10-2001-ൽ കേസ് തള്ളിക്കൊണ്ട് വിധിയായിട്ടുള്ളതായും കണ്ടു. തുടർന്ന് ശ്രീ. വി.ആർ. സുനിൽ 25-2-2010-ന് മുറി തന്റെ പേരിലേയ്ക്ക് മാറ്റിത്തരുന്നതിന് അപേക്ഷിച്ചെങ്കിലും 9-3-2011-ന് ടിയാൻ അതുവരെയുള്ള കുടിശ്ശിക തുക അടക്കാൻ സാധിക്കാത്തതിനാൽ മുറി ആവശ്യമില്ലായെന്ന് സെക്രട്ടറിക്ക് കത്ത് നൽകി. 1-2-2013-ലെ ശ്രീ. ഇ. അശോകൻ, സ്റ്റാന്റിംഗ് കൗൺസിലിന്റെ കത്തിൽ 2007-ൽ മാത്രമേ പ്രസ്തുത കേസ് ഡിസ്മിസ് ആയിട്ടുള്ളൂ എന്ന് പറയുന്നു. വിധി പകർപ്പ് ഫയലിൽ ലഭ്യമല്ലാത്തതിനാൽ വിധിയിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുത്തിയതെന്ന് പരിശോധിക്കാനായിട്ടില്ല.

കോർപ്പറേഷൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനെതിരെ മറുപടിയിൽ പറഞ്ഞ പ്രകാരം റവന്യൂ റിക്കവറി തഹസിൽദാരെയും കൂടി ഉൾപ്പെടുത്തി 3 കക്ഷികളും കോർപ്പറേഷനെതിരെ കേസ് നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം കേസ് തീർപ്പാക്കിയതായി കാണുന്നില്ല. ആയതിനാൽ കുടിശ്ശിക തുക ഈടാക്കിയിട്ടില്ല.

13-1-2016-ലെ യോഗത്തിലെ സമിതി നിർദ്ദേശം

2.6.10 കേസ് തീർപ്പാക്കാത്തതിനാൽ കുടിശ്ശിക ഈടാക്കിയിട്ടില്ല എന്ന മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും കേസ് തീർപ്പാക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ച് വിശദീകരണം നൽകണമെന്നും കേസ് തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

13-1-2016-ലെ യോഗത്തിലെ സമിതി ആവശ്യപ്പെട്ട അധികവിവരത്തിന്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ
സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.11 1. കോഴിക്കോട് നഗരസഭ വക ഐ.ജി റോഡ് ബസ്സ്റ്റാന്റിലെ ജി.47-ാം നമ്പർ മുറിയുടെ ലൈസൻസ് ബഹുമാനപ്പെട്ട കോഴിക്കോട് അഡീഷണൽ സബ് കോടതി II-ലെ ഒ.എസ്. നമ്പർ 93/2001 കേസിലെ 24 -2-2010-ലെ വിധി പ്രകാരം, ലൈസൻസി ശ്രീ. ശ്രീധരൻ നായർ 1-4-1997 മുതൽ 31-3-2013 വരെയുള്ള കാലയളവിലെ കുടിശ്ശികയായി 15,36,686 രൂപ അടവാക്കാൻ അവശേഷിച്ചതിൽ കോടതിയിൽ ഡെപ്പോസിറ്റ് ചെയ്ത 9,22,000 രൂപ താഴെ ചേർക്കും പ്രകാരം നഗരസഭാ ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്.

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 11304145040/04.03.14 | 522000 |
| 1130372622/28.02.14 | 400000 |
| ആകെ | 922000 |

ബാക്കിയുള്ള 614686 രൂപ താഴെ ചേർക്കും പ്രകാരം ലൈസൻസിയായ ശ്രീധരൻ നായർ നഗരസഭാ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട്.

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 11301105782/30.05.2013 | 260000 |
| 11302111476/29.06.2013 | 254686 |
| 1202138889/30.03.2013 | 100000 |
| ആകെ | 614686 |

(ഫയൽ നമ്പർ എ 29/55517/93) ലൈസൻസ് ഫീ കുടിശ്ശികയായി നിർണ്ണയിച്ചിരുന്ന തുകയായ 33,07,083 രൂപയിൽ അവശേഷിക്കുന്ന തുക നോട്ടീസ് നൽകാൻ വൈകിയ കാലത്തുള്ള പിഴപ്പലിശയാണ്. ഇത് ഈടാക്കുന്നതിന് നിയമപരമായ തടസം ഉള്ളതായി സ്റ്റാന്റിംഗ് കൗൺസലിന്റെ കത്തിൽ കാണുന്നുണ്ട്. എന്നാൽ നോട്ടീസ് നൽകാൻ വൈകിയതിന്റെ ഉത്തരവാദികളെ നിർണ്ണയിക്കുകയോ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

2. ഐ.ജി. റോഡ് ബസ്സ്റ്റാന്റ് 4-ാം നമ്പർ മുറിയുടെ പാർട്ണർമാരായ ശ്രീ. തയ്യിൽ നാണു മറ്റൊരു പാർട്ണറായ ശ്രീ. വി.ആർ. സുനിലിന് മുറിയുടെ ലൈസൻസ് അനുവദിച്ചു കൊടുക്കുന്നതിനെതിരെ കോഴിക്കോട് മുൻസിഫ് കോർട്ട് II-ൽ ഫയൽ ചെയ്ത ഒ.എസ്.830/97 നമ്പർ കേസിന്റെ വിധി പ്രകാരം ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായ 8,04,135 രൂപ ലഭിയ്ക്കുന്നതിനായി പാർട്ണർമാരായ ശ്രീ. തയ്യിൽ നാണു, ശ്രീ. വി. ആർ സുനിൽ, മുറിയുടെ ലൈസൻസിയായിരുന്ന ജോൺ ഐപ്പിന്റെ അനന്തരാവകാശികൾ എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ഇതിനെതിരെ ശ്രീ. സുനിൽ വി. ആർ.(W.P.(C)7422/2014), ശ്രീ.തയ്യിൽ നാണു (W.P.(C)2961/2014) എന്നിവർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജികളിൽ സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണെന്ന് സ്റ്റാന്റിംഗ് കൗൺസൽ അഡ്വ. കെ. ഡി. ബാബു 25-8-2016-ന് കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് അയച്ച കത്തിൽ കാണുന്നു. എന്നാൽ കോടതി ഉത്തരവുകളുടെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ശ്രീ. ജോൺ ഐപ്പിന്റെ അവകാശികൾ കോഴിക്കോട് ജില്ലാ കോടതിയിൽ എ.എസ്.204/2015 നമ്പരായി അപ്പീൽ സ്യൂട്ട് ഫയൽ ചെയ്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നുണ്ട്. എന്നാൽ തുടർ നടപടികൾ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമായി കാണുന്നില്ല.

<u>19-12-2018-ലെ സമിതി യോഗ നിർദ്ദേശം</u>

2.6.12 നോട്ടീസ് നൽകാൻ വൈകിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടു. കൂടാതെ പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ മുമ്പാകെയുള്ള കേസ്സുകളുടെ അന്തിമ വിധി അനുസരിച്ച് നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

**തുടർശിപാർശ**

**2.6.13 നോട്ടീസ് നൽകാൻ വൈകിയതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെയുള്ള കേസുകളുടെ അന്തിമ വിധി അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 103**

ശിപാർശ

2.7.1 1,46,424 രൂപയുടെ ധനാപഹരണവുമായി ബന്ധപ്പെട്ട് ശ്രീ. കെ. പി. രാജേന്ദ്രനെതിരെ വിജിലൻസ് കേസ് നടന്നുവരുന്നുണ്ടെങ്കിലും കോർപ്പറേഷന് നഷ്ടമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്നും നടത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രസ്തുത തുക കൈവശം വച്ചിരുന്ന കാലയളവിലേക്കുള്ള പലിശ 12% നിരക്കിൽ ശ്രീ. കെ. പി. രാജേന്ദ്രനിൽ നിന്ന് ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 ശ്രീ. കെ.പി. രാജേന്ദ്രൻ സർക്കാരിൽ അടക്കാനെന്ന വ്യാജേന, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി എന്നീ ഇനങ്ങളിൽ പിൻവലിച്ച് കൈവശം വെച്ച 1,46,424 രൂപയുടെ പലിശ 12% നിരക്കിൽ 32,609 രൂപ ടിയാന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി ഈ നഗരസഭയിലേയ്ക്ക് അയച്ചുതരുന്നതിന് ടിയാൻ നിലവിൽ ജോലി ചെയ്തു വരുന്ന കുന്നംകുളം നഗരസഭയിലേയ്ക്ക് കത്ത് അയച്ചതനുസരിച്ച് 4000 രൂപ വീതം 7/2009, 8/2009 എന്നീ മാസങ്ങളിലും 1125 രൂപ വീതം 11/09, 12/09 എന്നീ മാസങ്ങളിലും ഈ നഗരസഭയിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) 24652/09(ബി) തീയതി 26-8-2009 ഉത്തരവ് പ്രകാരം ടിയാന്റെ ശമ്പളത്തിൽ നിന്നുമുള്ള മേപ്പടി റിക്കവറി 4 മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുള്ളതാണെന്ന് കുന്നംകുളം നഗരസഭാ സെക്രട്ടറി 30-11-2009-ലെ ജി1/610/07 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേ ചെയ്ത 4 മാസത്തിനുശേഷം തുടർ റിക്കവറി നടത്തിയിട്ടുണ്ടോ എന്നു അറിയിച്ചു തരുന്നതിനായി ഈ ഓഫീസിലെ 11-11-2010-ലെ സി15/112941/01 നമ്പർ കത്തു പ്രകാരം കുന്നംകുളം നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേസ് നിലവിലുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.3 നിയമസഭാ സമിതി നിർദ്ദേശിച്ച പ്രകാരം ടിയാൻ കൈവശം വെച്ച തുകയ്ക്ക് 12% നിരക്കിൽ പലിശ ഈടാക്കിയതിന്റെയും അതിനെതിരെ ടിയാൻ സമർപ്പിച്ച ഹർജിയിൽ സ്റ്റേ നിലനിൽക്കുന്നതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.7.4 ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാനും കോർപ്പറേഷന്റെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി കോടതിയിൽ ഹാജരാകുന്ന വക്കീലന്മാരുടെ യോഗം അടിയന്തരമായി വിളിച്ച് ചേർത്ത് നിലവിലുള്ള കേസ്സുകൾ സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ടു.

സർക്കാർ സ്വീകരിച്ച നടപടി

2.7.5 ബഹു. ജില്ലാ കോടതി, സബ് കോടതി, മുൻസിഫ്/മജിസ്ട്രേറ്റ് കോടതികളിൽ നിലവിലുള്ള കേസുകളുടെ നിജസ്ഥിതി വിലയിരുത്തുന്നതിനും ബഹു. കോടതികളിൽ നൽകുന്ന കൗണ്ടർ ലഭ്യമാകുന്നത് പരിശോധിക്കുന്നതിനും കോടതി വിധികൾ സമയബന്ധിതമായി നടപ്പാക്കുന്നത് സംബന്ധിച്ചും, കോർപ്പറേഷനെതിരെ വിധി വരുന്ന കേസുകളിൽ അപ്പീൽ നടപടികൾ നൽകുന്നത് പരിശോധിക്കുന്നതിനും കോർപ്പറേഷൻ അഡ്വക്കേറ്റ് യോഗം 16-7-2012-ന് ഡെപ്യൂട്ടി സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന് നടപടികൾ ഫലപ്രദമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

ശ്രീ. കെ.പി. രാജേന്ദ്രൻ സെൽഫ് ചെക്കുകൾ വഴി തുക പിൻവലിച്ച് ധനാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് കോർപ്പറേഷനുണ്ടായ നഷ്ടം ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 24652/09 നമ്പർ കേസിൽ താൽക്കാലിക സ്റ്റേ നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 24-6-2013-ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിന് കത്ത് നൽകിയിരുന്നു. ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂ.പി(സി) 24652/09 നമ്പർ കേസ് ഇടക്കാല സ്റ്റേ അനുവദിച്ചതായും പിന്നീട് മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ദീർഘിപ്പിച്ചതായും ഫൈനൽ ഹിയറിംഗിന് വച്ചിട്ടുള്ളതായും അഡ്വ.കെ.ഡി.ബാബു 2-7-2013-ന് സൂചന കത്ത് മുഖേന അറിയിച്ചിരിക്കുന്നു. ടി വിവരം ലോക്കൽ ഫണ്ട് ഓഡിറ്റിനെ 8-7-2013-ന് അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.6 16-7-2012-ന് സ്റ്റാന്റിംഗ് കൗൺസൽമാരുടെ യോഗം വിളിച്ച് ചേർത്തതിന്റെ മിനിട്ട്സ് പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് സ്റ്റാന്റിംഗ് കൗൺസിലിന് കത്തയച്ചിട്ടുണ്ട്. (സി.15/12790/2012 നമ്പർ ഫയൽ പരിശോധിച്ചു) ശ്രീ. കെ. പി. രാജേന്ദ്രൻ, യു.ഡി.സി. ധനാപഹരണം നടത്തിയ തുകയുടെ പലിശ സഹിതം റിക്കവറി നടത്തേണ്ടതിൽ ആകെ 10250 രൂപ മാത്രം 7/09 മുതൽ

12/09 വരെയുള്ള കാലയളവിൽ റിക്കവറി നടത്തിയതായി കോഴിക്കോട് നഗരസഭാ സെക്രട്ടറി 19-8-2013-ന് അറിയിച്ചിട്ടുണ്ട്. റിക്കവറി നടപടിക്കെതിരെ ശ്രീ. കെ.പി. രാജേന്ദ്രൻ ഫയൽ ചെയ്ത ഡബ്ല്യൂ.പി.സി. 24652/09 നമ്പർ കേസിൽ കോടതി വിധിയാകുംവരെ തുടർ നടപടികൾ സ്റ്റേ ചെയ്തുകൊണ്ട് 18-12-2009-ന് കോടതി ഉത്തരവായിട്ടുണ്ട്.

**തുടർ ശിപാർശ**

**2.7.7 നിലവിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 112**

ശിപാർശ

2.8.1 മുനിസിപ്പൽ നിയമത്തിലെ സമയ പരിധിക്കുള്ളിൽ വസ്തു നികുതി/കുടിശ്ശിക ഈടാക്കുന്നതിന് ജാമ്യക്കാരന്റെ പേരിൽ ജപ്തി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.2 നികുതി കുടിശ്ശിക ഈടാക്കുന്നതിന് ജാമ്യക്കാരുടെ പേരിൽ വാറണ്ട് നല്കി ജപ്തി നടപടി സ്വീകരിച്ച് വരുമ്പോൾ തന്നെ കക്ഷികൾ നികുതി ഒടുക്കി വരുന്നുണ്ടായിരുന്നു. ആയതിനാൽ ജപ്തി നടപടികൾ സ്വീകരിക്കേണ്ടിവന്നില്ല. മുൻ കുടിശ്ശികയായ 10,66,05,618 രൂപയിൽ നിന്നും 10,25,63,799 രൂപ നികുതി പിരിഞ്ഞ് കിട്ടിയിട്ടുണ്ട്. ബാക്കിയുള്ള 40,42,879 രൂപ കുടിശ്ശികയായത് ഉടൻ പിരിച്ചെടുക്കുന്നതാണ്. തുക കാലഹരണപ്പെട്ട് പോയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.3 ഓഡിറ്റിൽ ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.8.4 നികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുകയും കുടിശ്ശിക തുക ഈടാക്കാൻ ശേഷിക്കുന്നുണ്ടെങ്കിൽ ആയത് ഈടാക്കി റിപ്പോർട്ട് ചെയ്യുവാനും സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.5 മുൻ വർഷങ്ങളിൽ കുടിശ്ശിക വന്ന മുഴവൻ തുകയും തുടർന്നുള്ള വർഷങ്ങളിൽ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.8.6 മുൻ കുടിശ്ശികയായി നഗരസഭ അറിയിച്ച 10,66,05,618 രൂപയുടെ വ്യക്തമായ വിശദാംശങ്ങൾ, കുടിശ്ശിക പിരിവ് വിവരങ്ങൾ മുതലായവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുടർ വർഷങ്ങളിൽ കുടിശ്ശിക കൃത്യമായി പിരിച്ചെടുത്തുവോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. 2009-10-ലെ അരിയർ ഡിമാന്റ് ആയ 3,37,64,030 രൂപയുടെ തുടർ വർഷങ്ങളിലെ അടവ് വിവരമാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്.

<u>23-4-2014-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

2.8.7 ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നികുതി കുടിശ്ശിക (10,66,05,618 രൂപ) യുടെ പിരിവ് വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾക്കു പകരം 2009-10-ലെ കുടിശ്ശികയായ 3,37,64,030 രൂപയുടെ അടവ് വിവരമാണ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് നൽകിയതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാകുറിപ്പിൽ നിന്നും സമിതി മനസ്സിലാക്കുകയുണ്ടായി. കോർപ്പറേഷന്റെ പ്രസ്തുത നടപടി വസ്തുതകൾ മറച്ചു വയ്ക്കാനല്ലേയെന്ന് സമിതി സംശയിക്കുകയും ഓഡിറ്റ് പരാമർശിച്ചിട്ടുള്ള നികുതി കുടിശ്ശികയുടെ വ്യക്തവും വിശദവുമായ വിവരങ്ങൾ കുടിശ്ശിക പിരിച്ചെടുത്തതു സംബന്ധിച്ച വിവരങ്ങൾ എന്നിവ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയ റിപ്പോർട്ട് പത്തു ദിവസത്തിനകം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയുണ്ടായി. ആയതിനാൽ, ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നികുതി കുടിശ്ശികയായ 10,66,05,618 രൂപ പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് സമർപ്പിച്ച് പത്തു ദിവസത്തിനകം സമിതിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു.

<u>23-4-2014-ലെ യോഗത്തിലെ സമിതി നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി</u>

2.8.8 നികുതി കുടിശ്ശിക സംബന്ധിച്ച റിപ്പോർട്ട് 01/95793/06 നമ്പർ കത്ത് പ്രകാരം 7-6-2014-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.8.9 നഗരസഭ സെക്രട്ടറിയുടെ 8-7-2014-ലെ എ 1/95793/06 നമ്പർ മറുപടി പരിശോധിച്ചു. 2003-04 കാലയളവ് വരെയുള്ള കോഴിക്കോട് കോർപ്പറേഷന്റെ ഡി.സി.ബി. കരാറടിസ്ഥാനത്തിൽ മെസ്സേർസ് മോഹൻ & മോഹൻ അസോസിയേറ്റ്സ് ആണ് തയ്യാറാക്കിയിരുന്നത്. ആയത് പ്രകാരം നഗരസഭയ്ക്ക് തയ്യാറാക്കി നൽകിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തെറ്റാണെന്ന് ഈ ഓഫീസ് കണ്ടെത്തിയതുപ്രകാരം നഗരസഭ കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയും കരാറുകാരൻ ഇതിനെതിരെ കോഴിക്കോട് ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഒ.എസ്.914/11, 915/11 എന്നിങ്ങനെ 2 കേസുകൾ ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ കോർപ്പറേഷന് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയത് പ്രകാരം ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ അപാകത പരിഹരിക്കുവാൻ കോർപ്പറേഷൻ നിരവധി തവണ കരാറുകാരനോടാവശ്യപ്പെട്ടെങ്കിലും നാളിതുവരെ ആയത് പരിഹരിച്ചിട്ടില്ല. 2004-05 മുതൽ നഗരസഭ സ്വന്തം നിലയിൽ ഡി.സി.ബി. തയ്യാറാക്കിയപ്പോൾ 2006-07 വർഷത്തെ ഡി.സി.ബി. പത്രിക പ്രകാരം 2,66,37,946 രൂപ മാത്രമേ കുടിശ്ശികയായി അവശേഷിക്കുന്നുള്ളൂ എന്ന് മറുപടിയിൽ പറയുന്നു. എന്നാൽ 2006-2007 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2(1), 2-2(2) എന്നിവയിൽ ഡി.സി.ബി. പത്രികയിലെ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. 2005-06 വർഷത്തെ കുടിശ്ശിക തുക മുഴുവനും ക്യാരിഓവർ ചെയ്യാതെ തൻവർഷം പിരിഞ്ഞുകിട്ടിയ കുടിശ്ശിക തുക തന്നെ വർഷാദ്യം പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശികയായി കാണിച്ചതും അപാകതയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി.യും, ഡി.സി.ബി. സംഗ്രഹവും തയ്യാറാക്കാതെയാണ് നഗരസഭ 2006-07 ഡി.സി.ബി. പത്രിക ഓഡിറ്റിന് സമർപ്പിച്ചത്. നാളിതുവരെ നഗരസഭ വസ്തുനികുതിയുടെ കുടിശ്ശിക സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കുകയോ പരിശോധനയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. കളക്ഷൻ രജിസ്റ്ററുകൾ പലതും നശിച്ചു പോയതിനാൽ 84-85 മുതൽ 2003-04 വരെയുള്ള കെട്ടിട നികുതി കളക്ഷൻ പരിശോധിക്കുന്നതിന് നിലവിൽ നഗരസഭയിൽ കളക്ഷൻ/ഡിമാന്റ് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കാലത്തെ കളക്ഷൻ രജിസ്റ്ററുകളെ ആധാരമാക്കി തയ്യാറാക്കിയ വാർഡ് തലത്തിലുള്ള ഹാന്റ് ബുക്കുകളാണ് ഉപയോഗിക്കുന്നത്. 39 വാർഡുകളിലെ ബിൽ കലക്ടർമാരുടെ ഹാന്റ് ബുക്കുകൾ പരിശോധിച്ചതിൽ നിലവിൽ 2003-04 വരെയുള്ള കുടിശ്ശികയിനത്തിൽ 2,73,742 രൂപ മാത്രമേ കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നുള്ളൂ എന്ന് കാണുന്നു. എന്നാൽ ഹാന്റ് ബുക്കിലെ കുടിശ്ശിക, നഗരസഭ കുടിശ്ശികയായി കണക്കാക്കാൻ ബുദ്ധിമുട്ടുണ്ട്.

### 13-1-2016-ലെ സമിതിയോഗ നിർദ്ദേശം

2.8.10 ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നികുതി കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ സർക്കാർ ഓഡിറ്റിന് സമർപ്പിക്കുന്നതിനും ഓഡിറ്റ് പരാമർശ കാലയളവിലെ കളക്ഷൻ രജിസ്റ്ററുകളെ ആധാരമാക്കി തയ്യാറാക്കിയ വാർഡ് തലത്തിലുള്ള ഹാൻഡ് ബുക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പ്രത്യേക പരിശോധന നടത്തി രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ആവശ്യപ്പെട്ടു.

### 13-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.8.11 1. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും എന്നറിയിച്ചിട്ടുള്ളതല്ലാതെ കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിവരങ്ങൾ നഗരസഭ ഹാജരാക്കിയിട്ടില്ല.

2. നികുതി കുടിശ്ശിക സംബന്ധിച്ച് ആധികാരികമായ രേഖകളൊന്നും പല തവണ ആവശ്യപ്പെട്ടിട്ടും കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല. 17-8-2016-ലെ കെ.എസ്.എ.കെ.ഒ.സി./എ 7/1096/2016 നമ്പർ കത്തിൽ ഖ.112 സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ബി15/128894/2015 തീയതി 15-2-2016 നമ്പരായി നഗരസഭ മറുപടി സമർപ്പിച്ചിട്ടുണ്ട് എന്നറിയിക്കുകയാണ് ചെയ്തിട്ടുള്ളത്.

നികുതി കുടിശ്ശിക സംബന്ധിച്ച് ബി.15/128894/2015 തീയതി 15-2-2016 നമ്പരായി നഗരസഭ സമർപ്പിച്ച മറുപടി 8-7-2014-ലെ എ 1/95793/06 നമ്പരായി സമർപ്പിച്ച മറുപടിയുടെ ആവർത്തനമാണ്.

പ്രസ്തുത മറുപടി പരിശോധിച്ച് കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു:

2003-04 കാലയളവ് വരെയുള്ള കോഴിക്കോട് കോർപ്പറേഷന്റെ ഡി.സി.ബി. കരാറടിസ്ഥാനത്തിൽ മെസ്സേർസ്. മോഹൻ & മോഹൻ അസോസിയേറ്റ്സ് ആണ് തയ്യാറാക്കിയിരിക്കുന്നത്. ആയത് പ്രകാരം നഗരസഭയ്ക്ക് തയ്യാറാക്കി നൽകിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തെറ്റാണെന്ന് ഈ ഓഫീസ് കണ്ടെത്തിയതു പ്രകാരം നഗരസഭ കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയും കരാറുകാരൻ ഇതിനെതിരെ കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഒ.എസ്.914/11, 915/11 എന്നിങ്ങനെ 2 കേസുകൾ ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ കോർപ്പറേഷന് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയത് പ്രകാരം ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ അപാകത പരിഹരിക്കാൻ കോർപ്പറേഷൻ നിരവധി തവണ കരാറുകാരനോടാവശ്യപ്പെട്ടെങ്കിലും നാളിതുവരെ ആയത് പരിഹരിച്ചിട്ടില്ല. 2004-05 മുതൽ നഗരസഭ സ്വന്തം നിലയിൽ ഡി.സി.ബി. തയ്യാറാക്കിയപ്പോൾ 2006-07 വർഷത്തെ ഡി.സി.ബി. പത്രിക പ്രകാരം

2,66,37,946 രൂപ മാത്രമേ കുടിശ്ശികയായി അവശേഷിക്കുന്നുള്ളൂവെന്ന് മറുപടിയിൽ പറയുന്നു. എന്നാൽ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2(1), 2-2(2) എന്നിവയിൽ ഡി.സി.ബി. പത്രികയിലെ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. 2005-06 വർഷത്തെ കുടിശ്ശിക തുക മുഴുവനും ക്യാരി ഓവർ ചെയ്യാതെ തൻവർഷം പിരിഞ്ഞുകിട്ടിയ കുടിശ്ശിക തുക തന്നെ വർഷാദ്യം പിരിഞ്ഞു കിട്ടാനുള്ള നികുതി കുടിശ്ശികയായി കാണിച്ചതും അപാകതയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വസ്തുനികുതി, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി.യും ഡി.സി.ബി സംഗ്രഹവും തയ്യാറാക്കാതെയാണ് നഗരസഭ 2006-07 വർഷത്തെ ഡി.സി.ബി. പത്രിക ഓഡിറ്റിന് സമർപ്പിച്ചത്. നാളിതുവരെ നഗരസഭ വസ്തു നികുതിയുടെ കുടിശ്ശിക സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കുകയോ പരിശോധനയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല. കളക്ഷൻ രജിസ്റ്ററുകൾ പലതും നശിച്ച പോയതിനാൽ 84-85 മുതൽ 2003-04 വരെയുള്ള കെട്ടിടനികുതി കളക്ഷൻ പരിശോധിക്കുന്നതിന് നിലവിൽ നഗരസഭയിൽ കളക്ഷൻ/ഡിമാന്റ് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കാലത്തെ കളക്ഷൻ രജിസ്റ്ററുകളെ ആധാരമാക്കി തയ്യാറാക്കിയ വാർഡ് തലത്തിലുള്ള ഹാൻഡ് ബുക്കുകളാണ് ഉപയോഗിക്കുന്നത്. 39 വാർഡുകളിലെ ബിൽ കളക്ടർമാരുടെ ഹാൻഡ് ബുക്കുകൾ പരിശോധിച്ചതിൽ 2003-04 വരെയുള്ള കുടിശ്ശികയിനത്തിൽ 2,73,742 രൂപ മാത്രമേ കുടിശ്ശികയിനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നുള്ളൂ എന്ന് കാണുന്നു. എന്നാൽ ഹാൻഡ് ബുക്കിലെ കുടിശ്ശിക ആധികാരികമല്ല. ആയതുകൊണ്ടു തന്നെ ഇത് നഗരസഭ കുടിശ്ശികയായി കണക്കാക്കാൻ ബുദ്ധിമുട്ടുണ്ട്. 13-1-2016-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡി.സി.ബി. സംബന്ധിച്ച് വിശദമായ പരിശോധന നടത്തുവാനാവശ്യമായ രേഖകൾ ഹാജരാക്കാൻ നഗരസഭയോട് ആവർത്തിച്ചാവശ്യപ്പെട്ടിട്ടും രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല.

<u>19-12-2018-ലെ യോഗത്തിലെ സമിതി നിർദ്ദേശം</u>

2.8.12 13-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

**തുടർ ശിപാർശ**

**2.8.13 ഖണ്ഡികയിലെ പരാമർശം സംബന്ധിച്ചും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നികുതി കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ സർക്കാർ ഓഡിറ്റിന് സമർപ്പിക്കുന്നതിനും ഓഡിറ്റ് പരാമർശ കാലയളവിലെ കളക്ഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കാലയളവിലെ കളക്ഷൻ രജിസ്റ്ററുകൾ ആധാരമാക്കി തയ്യാറാക്കിയ വാർഡ് തലത്തിലുള്ള ഹാൻഡ് ബുക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് വകുപ്പ് പ്രത്യേക പരിശോധന നടത്തി രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന 13-1-2016-ലെ യോഗ നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 113

**ശിപാർശ**

2.9.1 കോർപ്പറേഷന് ലഭിക്കേണ്ട തുക ഈടാക്കാൻ ഉദ്യോഗസ്ഥർ ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നത് വളരെ നിർഭാഗ്യകരമാണെന്നും, നികുതി പിരിക്കുന്നതിൽ ഉദ്യോഗസ്ഥന്മാർ കാണിക്കുന്ന അനാസ്ഥയ്ക്ക് എതിരെ പൊതുവായ നിർദ്ദേശം കൊടുത്ത്, നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് ഭരണ വകുപ്പ് ശ്രദ്ധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. വസ്തു നികുതി കാലഹരണപ്പെടുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം നഷ്ടപ്പെടുന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 കുടിശ്ശിക തുകകൾ കാലഹരണം വരാതെ പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ച് തുക പിരിച്ചെടുക്കുന്നുണ്ട്. കാലഹരണം വരുന്നതിന് ഉദ്യോഗസ്ഥർ ഉത്തരവാദിയായി വരുന്ന സംഗതികളിൽ നഷ്ടം ഈടാക്കൽ നടപടി സ്വീകരിക്കുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.3 സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ നഗരസഭയോട് ആവശ്യപ്പെടാവുന്നതാണ്.

19-1-2012-ലെ സമിതി യോഗ തീരുമാനം

2.9.4 കോർപ്പറേഷന് ലഭിക്കേണ്ട വസ്തു നികുതിയുടെ കുടിശ്ശിക ഈടാക്കുന്നതിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

19-1-2012-ലെ യോഗ നിർദ്ദേശപ്രകാരം സർക്കാർ സ്വീകരിച്ച നടപടി

2.9.5 മുൻ വർഷങ്ങളിലെ മുഴുവൻ കുടിശ്ശികയും പിരിച്ചെടുത്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.6 വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിൽ പുരോഗതിയുണ്ടായിട്ടുണ്ട്.

9-7-2014-ലെ കത്തു പ്രകാരം ലഭിച്ച സർക്കാർ മറുപടി

2.9.7 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ബാദ്ധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കുമെന്ന് കാണിച്ച് 3-1-13-ലെ എ 1/68054/07 പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്.

കുടിശ്ശികയായ തുക ബാദ്ധ്യതയായി കണക്കാക്കി ഈടാക്കാതിരിക്കാൻ വല്ല കാരണവുമുണ്ടെങ്കിൽ വിശദീകരണം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ ഇൻസ്പെക്ടർമാർക്ക് 17-7-2013 -ന് മെമ്മോ നൽകിയിട്ടുള്ളതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.8 വസ്തു നികുതി കാലഹരണപ്പെടുന്നതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് കാലഹരണപ്പെട്ട നികുതികൾ ഈടാക്കുന്നതാണെന്ന് കാണിച്ച് 3-1-2013-ന് റവന്യൂ ഓഫീസർ ബാദ്ധ്യത നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ സർക്കിളുകളിലെ റവന്യൂ ഇൻസ്പെക്ടർമാർക്ക് കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് 16-7-2013-ന് എ 1/68054/07 പ്രകാരം മെമ്മോ നൽകിയിട്ടുണ്ട്. ആയതിന് ശേഷം എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി രേഖകളില്ല.

**തുടർശിപാർശ**

**2.9.9 റവന്യൂ ഇൻസ്പെക്ടർമാർക്ക് 17-7-2013-ന് നൽകിയ മെമ്മോ പ്രകാരം സ്വീകരിച്ച നടപടിയുടെ വിശദാംശവും നിലവിലെ സ്ഥിതിയും സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 133**

ശിപാർശ

2.10.1 നഗരത്തിലെ ആശുപത്രികൾ പുറംതള്ളുന്ന ജൈവമാലിന്യം സംസ്കരിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതെ, ദീർഘവീക്ഷണമില്ലാതെ ഗുണഭോക്താവിന് 1,15,500 രൂപ അനുവദിച്ചു കൊടുത്തത് അംഗീകരിക്കാനാവില്ലെന്നും 30-6-1998-ൽ 1,15,500 രൂപ അനുവദിച്ചിട്ട് ഏകദേശം 9 വർഷം കഴിഞ്ഞ് 26-10-2007-ൽ മാത്രമാണ് പ്രസ്തുത തുക ഈടാക്കിയതായി സെക്രട്ടറി സമിതിയെ അറിയിച്ചിരിക്കുന്നത് എന്നും ടി തുക ഈടാക്കുന്നതിൽ നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്ന് ഗുരുതരമായ വീഴ്ച വന്നതായും സമിതി ചൂണ്ടിക്കാണിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

2.10.2 ജനകീയാസൂത്രണ പദ്ധതി പ്രോജക്ട് 53/2001-2002 ആയി പൊതു ഇൻസിനേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി Private Hospitals & Laborataries waste disposal Society-ക്കുവേണ്ടി കൺവീനറായ ഡോ: പി. എ. ലളിതയ്ക്ക് 1,15,500 അഡ്വാൻസിനത്തിൽ 30-6-1998-ന് നൽകിയത്, ടിയാൾ 26-10-2007-നു കോർപ്പറേഷൻ

ഫണ്ടിൽ തിരിച്ചടച്ചിട്ടുള്ളതാണ്. എന്നാൽ ടി തുകയ്ക്ക് 12% പലിശ നിരക്കിൽ 1,29,167 രൂപ ഒടുക്കുന്നതിന് 11-10-2007, 9-11-2007, 3-6-2009 എന്നീ തീയതികളിൽ ഇതേ നമ്പരിൽ 3 നോട്ടീസ് നൽകിയിട്ടും പലിശ അടക്കാത്ത സാഹചര്യത്തിൽ പലിശയിനത്തിൽ ലഭ്യമാക്കേണ്ട 1,29,167 രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന് 16-6-2009-ന് ബഹു.കോഴിക്കോട് ജില്ലാ കളക്ടർക്ക് ഫോം 24 പ്രകാരം റിക്വിസിഷൻ നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൾ ബഹു.ഹൈക്കോടതിയിൽ W.P(c) 9012/10 B നമ്പരായി അന്യായം ഫയൽ ചെയ്തിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.10.3 റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഡോ: പി.എ. ലളിത ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

2.10.4 ടി വിഷയത്തിലുള്ള കേസിന്റെ വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെടുന്നു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

2.10.5 കേസ് ബഹു: ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേസ് തീർപ്പാക്കുന്നതു വരെ സ്റ്റേ നിലവിലുള്ളതാണ്. കേസിന്റെ വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.10.6 റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഡോ: പി.എ. ലളിത ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് WP (C) 9012/10 B ഹൈക്കോടതിയുടെ പരിഗണനയിൽ ആണ്.

**തുടർശിപാർശ**

**2.10.7 നിലവിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും.

### ഖണ്ഡിക നമ്പർ 15

ശിപാർശ

3.1.1 നഗരസഭയുടെ തനതു വരുമാനമായ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ യഥാസമയം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന എങ്കിൽ തൊഴിൽ നികുതി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ മേൽ യഥാസമയം നടപടിയെടുക്കുന്നതിന് സാധിക്കുമായിരുന്നുവെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പിരിച്ചെടുക്കുന്ന നികുതി യഥാസമയം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും, കോർപ്പറേഷനിൽ സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും കർശനമായ വകുപ്പുതല നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടുണ്ട്.പിരിച്ചെടുക്കുന്ന തൊഴിൽ നികുതി രജിസ്റ്ററുകളിൽ യഥാസമയം രേഖപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ഇക്കാര്യത്തിൽ വകുപ്പുതലവൻമാർക്ക് കർശന നിർദ്ദേശം നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ച് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ നിലവിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

### ഖണ്ഡിക നമ്പർ 16

ശിപാർശ

3.2.1 ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും, നികുതിയടവുകളും മറ്റ് വരുമാന വിവരങ്ങളും രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നഗരസഭാ അക്കൗണ്ട്സ് വിഭാഗം ആണെന്നതിനാൽ ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വം അക്കൗണ്ട്സ് വിഭാഗം ഏറ്റെടുക്കണമെന്നും, ആയതിന്റെ മേൽനോട്ടം വഹിക്കണമെന്നും

സമിതി ശിപാർശ ചെയ്യുന്നു. അത് അനുസരിച്ചുള്ള നിർദ്ദേശം അതാത് സെക്രട്ടറിമാർ പുറപ്പെടുവിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. തൊഴിൽ നികുതി ഈടാക്കാതെ അവശേഷിക്കുന്ന 28-ഓളം സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായിരുന്ന (ഈ കാലഘട്ടത്തിൽ അവിടെ സേവനമനുഷ്ഠിച്ചിരുന്ന) റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും, പിരിഞ്ഞു കിട്ടേണ്ടിയിരുന്ന കുടിശ്ശിക നികുതിയും അതിന്റെ പലിശയും അവരിൽ നിന്ന് ഈടാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. തുക ഈടാക്കി പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.2 തദ്ദേശസ്വയംഭരണ വകുപ്പിന്റെ 6-11-2008-ലെ ജി.ഒ.(എം.എസ്.) 295/2008 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം കോർപ്പറേഷന്റെ വരുമാനം സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള ചുമതല റവന്യൂ വിഭാഗത്തിന്റെ ചുമതലയുള്ള ഡെപ്യൂട്ടി സെക്രട്ടറിക്കാണ്. ആയതിനാൽ അക്കൗണ്ട്സ് വിഭാഗത്തിന് ആയതിന്റെ ഉത്തരവാദിത്വം ഏല്പിച്ചു കൊടുക്കുന്നതിന് ടി ഉത്തരവ് മാറ്റിക്കൊണ്ടുള്ള ഒരു ഉത്തരവ് ആവശ്യമാണ് എന്ന കാര്യം ബോധിപ്പിക്കുന്നു. നികുതി അടവുകളും മറ്റ് വരുമാന വിവരങ്ങളും അടങ്ങിയ ഡിമാന്റ് രജിസ്റ്ററുകൾ റവന്യൂ വിഭാഗത്തിൽ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ട്.

1999-2000 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി പിരിക്കുവാൻ വിട്ടുപോയ ഇരുപത്തിയെട്ടോളം സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാൻ ബാദ്ധ്യസ്ഥരായ, പ്രസ്തുത കാലഘട്ടത്തിൽ സേവനമനുഷ്ഠിച്ച റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും നികുതിയും പലിശയും ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ മേൽ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന ലക്ഷദ്വീപ് ഹാർബർ വർക്സ് (വാർഡ് 4), അശോക് ലാറ്റക്സ് (വാർഡ് 32), ഇന്ത്യൻ ബിസ്കറ്റ് കമ്പനി (വാർഡ് 38) എന്നീ സ്ഥാപനങ്ങൾ പ്രസ്തുത വർഷത്തിൽ പ്രവർത്തിച്ചിട്ടില്ല എന്നതിനാൽ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. മെ.ഫിലിപ്സ് ഇന്ത്യ (ലി.) (വാർഡ് 33) എന്ന സ്ഥാപനത്തിൽ നിന്നും പിരിഞ്ഞുകിട്ടുവാനുള്ള തൊഴിൽ നികുതി 240/- രൂപ പലിശ സഹിതം 30-9-2009-ലെ 1093108113 നമ്പർ രസീതു പ്രകാരം ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. കൂടാതെ വാർഡ് 38-ലെ മെ.പി.കെ.അഹമ്മദ് ഫ്ളോർ മിൽ എന്ന സ്ഥാപനവും 9-10-2009-ലെ 109021-13930 നമ്പർ രസീതു പ്രകാരം 01-11/9/2000-ലെ തൊഴിൽ നികുതി 2,260/- രൂപ പലിശ സഹിതം ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കുവാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നവംബർ മാസത്തിൽ 4 ജീവനക്കാരിൽ നിന്നായി റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 തൊഴിൽ നികുതി കുടിശ്ശികയും ആയതിന്റെ പലിശയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ ചില സ്ഥാപനങ്ങൾ നഗരസഭയിൽ അടവാക്കിയ തുകകൾ സംബന്ധിച്ച് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.2.4 കൃത്യമായി തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് അവർ ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി കുടിശ്ശികയും ആയതിന്റെ പലിശയും ഈടാക്കിയതിന്റെ വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുവാനും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംബന്ധമായ നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി

3.2.5 തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശികയും ആയതിന്റെ പലിശയും ഈടാക്കിയതിന്റെ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകിയിട്ടുണ്ട്.

2008-09 വർഷം മുതൽ ഐ.കെ.എം. തയ്യാറാക്കിയ Sankhya Software ഉപയോഗിച്ചാണ് അക്കൗണ്ടിംഗ് നടത്തുന്നത്. നഗരസഭയിലേക്ക് വരുന്ന വരവുകളും (ചെക്ക്, ക്യാഷ്) നഗരസഭയിലെ ചെലവുകളും (ചെക്ക്) യഥാസമയം തന്നെ Sankhya Software -ൽ രേഖപ്പെടുത്തുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.6 1999-2000 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി പിരിച്ചെടുക്കാൻ വിട്ടുപോയ 28 സ്ഥാപനങ്ങളിൽ 3 എണ്ണം പ്രസ്തുത വർഷം പ്രവർത്തിച്ചിട്ടില്ലെന്ന കാരണത്താൽ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് അംഗീകരിക്കാവുന്നതാണ്. ഫിലിപ്സ് ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനം 240 രൂപയും (രസീത് നമ്പർ 10903108113 തീയതി 30-9-2009) പി.കെ. അഹമ്മദ് ഫ്ളോർമിൽ എന്ന

സ്ഥാപനം 2,260 രൂപ 9-10-1999-ലെ 109021-13930 രസീത് പ്രകാരവും അടവാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 23 സ്ഥാപനങ്ങളിൽ നിന്നീടാക്കാനുള്ള രൂപയിൽ 13,829 രൂപയും പലിശയും ശ്രീ. പി. ജയപ്രകാശ്, സൂപ്രണ്ട്,ശ്രീമതി പി.ടി. സുശീല, യു.ഡി.സി., ശ്രീമതി ടി. കൃഷ്ണവേണി, സൂപ്രണ്ട്,ശ്രീമതി എ.ബിന്ദു, യു.ഡി.സി. എന്നീ ജീവനക്കാരിൽ നിന്നീടാക്കിയതായി പരിശോധനയിൽ ബോധ്യമായി. ശ്രീ. ജെയ്ക് ജോസഫ് 500 രൂപ പലിശ സഹിതം അടവാക്കിയിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന 5,402 രൂപയും പലിശയും റിട്ടയേർഡ് യു.ഡി.സി.യായ ശ്രീമതി ടി. സാവിത്രിയിൽ നിന്നീടാക്കുന്നതിന് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. തുക അടവാക്കാത്ത പക്ഷം ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 11 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശികയായ 10,804 രൂപയിൽ ശ്രീമതി ടി. സാവിത്രിയിൽ നിന്ന് 5,402 രൂപയും പലിശയും അടക്കമുള്ള തുകയും കൂടാതെ സൂപ്രണ്ട് ശ്രീമതി ടി. കൃഷ്ണവേണിക്ക് സെക്രട്ടറി ബാദ്ധ്യത നിജപ്പെടുത്തിയതിൽ 455 രൂപ കൂടിയും അടവാക്കാനുള്ളതായി കാണുന്നു. മേൽപ്പറഞ്ഞവ ഒഴികെയുള്ള കുടിശ്ശികകൾ പൂർണ്ണമായി ഈടാക്കിയിട്ടുണ്ട്.ഐ.കെ.എം. തയ്യാറാക്കിയ സാംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിലവിൽ വരവ് ചെലവ് കണക്കുകൾ തിട്ടപ്പെടുത്തി അക്കൗണ്ട് തയ്യാറാക്കി വരുന്നത്. 2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ, 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ എന്നിവയെ അടിസ്ഥാനമാക്കിയാണ് നിലവിലെ സാംഖ്യാ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്.

**ഖണ്ഡിക നമ്പർ 17**

<u>ശിപാർശ</u>

3.3.1 തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെടുന്നു എന്ന ഓഡിറ്റ് തടസ്സം 28-6-2002-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടും, ഏതാണ്ട് 5 വർഷം കഴിഞ്ഞ് 8-10-2007-ൽ മാത്രമാണ്, കാലഹരണപ്പെട്ട തൊഴിൽ നികുതി ഈടാക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ ഓഫീസർക്ക് നോട്ടീസ് നൽകിയത് എന്നത് നഗരസഭാ അധികൃതരുടെ കൃത്യവിലോപമാണ് കാണിക്കുന്നതെന്നും ഇത്തരം നിരുത്തരവാദപരമായ സമീപനം മൂലം കോർപ്പറേഷന്റെ തനത് ഫണ്ടുകൾ യഥാസമയം ഈടാക്കുന്നതിന് കോർപ്പറേഷൻ സെക്രട്ടറി ഉൾപ്പെടെയുള്ളവർ നടപടികൾ സ്വീകരിക്കുന്നില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ കോർപ്പറേഷന്റെ തനത് ഫണ്ടുകൾ പിരിച്ചെടുക്കുന്നതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കൃത്യത പുലർത്തണമെന്നും, തൊഴിൽ നികുതി ഈടാക്കാൻ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപ്പെടുവാനിടയായ തുക ഈടാക്കണമെന്നും, അവർക്കെതിരെ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 ബന്ധപ്പെട്ടവർക്ക് മെമ്മോ നല്കുകയും ഉത്തരവാദികളായ ജീവനക്കാരിൽ നിന്ന് 2011 ഒക്ടോബർ മാസത്തിൽ അവസാനിക്കുന്ന 12 മാസ ഗഡുക്കളായി 32,224 രൂപ ഈടാക്കിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.3 തൊഴിൽ നികുതി ഈടാക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടപ്പെടുവാൻ ഇടയായ തുക ഈടാക്കിയതിന്റെയും അവർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.3.4 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന്, കോർപ്പറേഷന് നഷ്ടപ്പെട്ട തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുക.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്</u>
<u>സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി</u>

3.3.5 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് കോർപ്പറേഷന് നഷ്ടപ്പെട്ട തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകി.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.6 1996-1997 കാലത്തെ തൊഴിൽ നികുതി കുടിശ്ശികയായ 8,16,224 രൂപയും 1997-98 കാലത്തെ കുടിശ്ശികയായ 8,88,513 രൂപയും യഥാസമയം ഈടാക്കാതെ കാലഹരണപ്പെടുന്നതിന് ഉത്തരവാദികളായി 112 ജീവനക്കാരെ കണ്ടെത്തുകയും ഓരോരുത്തരിൽ നിന്ന് 16,596 രൂപ വീതം ഈടാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിലും അവയൊന്നും ഫലപ്രാപ്തി കൈവരിച്ചിട്ടില്ല. WP(C) No. 14287/09 പ്രകാരം 38 ജീവനക്കാരും WP(C)/15452/09 പ്രകാരം 8 ജീവനക്കാരും തുടർ നടപടികൾക്ക് സ്റ്റേ സമ്പാദിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ WP(C)/15452/09-ാം നമ്പർ കേസിലെ സ്റ്റേ സംബന്ധിച്ച കോടതി വിധി പകർപ്പ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത സ്റ്റേകൾ നീക്കുന്നതിനുള്ള നടപടികൾ ഇപ്പോഴും

പ്രാരംഭ ദിശയിലാണ്. അവശേഷിക്കുന്നവരിൽ റിട്ടയർ ചെയ്ത 50 ജീവനക്കാരിൽ 3 പേർ മരണപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 13 പേർ നിലവിൽ സർവ്വീസിലുള്ളതിൽ ഒരാൾ മാത്രമേ കോഴിക്കോട് നഗരസഭയിൽ ജോലി ചെയ്യുന്നുള്ളൂ. ടിയാനിൽ നിന്ന് തുക ഈടാക്കിയിട്ടുമില്ല. റിട്ടയർ ചെയ്ത ജീവനക്കാർക്ക് നോട്ടീസ് അയക്കുന്നതിന് വിലാസം ശേഖരിച്ച് വരുന്നതേയുള്ളൂ.

**ഖണ്ഡിക നമ്പർ 26**

ശിപാർശ

3.4.1 ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുക്കേണ്ട 58,861 രൂപ പിരിച്ചെടുക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഓരോരുത്തരുടെ ഉത്തരവാദിത്വമനുസരിച്ച് പലിശയടക്കം തുക ഈടാക്കി, ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.4.2 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഓഡിറ്റ് റിപ്പോർട്ട് പാര 30(2) പ്രകാരം കെട്ടിട നിർമ്മാണ ഫീസിനത്തിൽ 81,713 രൂപ തിരിച്ചടക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ടി തുകയിൽ 21,744 രൂപ തിരിച്ചടക്കുകയും 4,223 രൂപയുടെ പെർമിറ്റുകൾ റദ്ദാക്കുകയും ചെയ്തിട്ടുള്ളതായി സമിതി മുമ്പാകെ നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നതായ 55,746 രൂപയിൽ ഇതിനോടകം 45,828 രൂപ നഗരസഭാ ഫണ്ടിൽ അടച്ചിട്ടുള്ളതാണ്. കൂടാതെ ഇ 7-105104/99 നമ്പർ ഫയലിൽ പെർമിറ്റ് റദ്ദാക്കിയിട്ടുള്ളതാണ്. (ഇ 7/105104/99, എസ്.എ. അബൂബക്കർ, 9,918/-) പെർമിറ്റ് റദ്ദാക്കിയ സാഹചര്യത്തിൽ ടി തടസ്സം ഒഴിവാക്കാവുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.4.3 കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് ഇനത്തിൽ കുറവു വന്ന തുകകൾ പിന്നീട് നഗരസഭയിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പെർമിറ്റ് റദ്ദാക്കിയതായി പറയുന്ന E7/105104/99 നമ്പർ ഫയലും പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.4.4 കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് ഇനത്തിൽ കുറവു വന്ന തുകകൾ നഗരസഭയിൽ അടവാക്കിയതിന്റെ രേഖകളും, പെർമിറ്റ് റദ്ദാക്കിയതായി പറയുന്ന E7/105104/99 നമ്പർ ഫയലും ലോക്കൽ ഫണ്ട് ഓഡിറ്റിന് ലഭ്യമാക്കുക.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി</u>

3.4.5 കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് ഇനത്തിൽ കുറവു വന്ന തുകകൾ നഗരസഭയിൽ അടവാക്കിയതിന്റെ രേഖകളും പെർമിറ്റ് റദ്ദാക്കി ഇ 7/105104/99 നമ്പർ പെർമിറ്റ് കോപ്പിയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.4.6 കെട്ടിട നിർമ്മാണ ലൈസൻസ് ഫീസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയതിൽ 3,876 രൂപ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാത്തതൊഴികെയുള്ള തുകകൾ ഈടാക്കിയതായും ഇ 7/105104/99-ാം നമ്പർ പെർമിറ്റ് റദ്ദാക്കിയതായും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 44**

<u>ശിപാർശ</u>

3.5.1 നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ കാലാകാലങ്ങളിൽ ലൈസൻസുകൾ പുതുക്കാതെ കൈവശം വയ്ക്കാനനുവദിക്കുന്നത് കോർപ്പറേഷന്റെ വരുമാനം നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ യഥാസമയം ലൈസൻസുകൾ പുതുക്കുന്നതിന് നഗരസഭാ അധികൃതർക്ക് അതീവ ജാഗ്രത ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നും യഥാസമയം ലൈസൻസ് പുതുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.5.3 ലൈസൻസുകൾ ഇപ്പോൾ യഥാസമയം പുതുക്കി വരുന്നുണ്ട്.

**ഖണ്ഡിക നമ്പർ 45**

<u>ശിപാർശ</u>

3.6.1 ലൈസൻസികൾ വിവിധ കാരണങ്ങൾ ആരോപിച്ച് കോടതിയെ സമീപിക്കുന്ന പ്രവണത കൂടി വരുന്നതിനാൽ, ലൈസൻസികളുമായി വയ്ക്കുന്ന ഉടമ്പടി നിയമാനുസൃതമാകണമെന്നും, എങ്കിൽ മാത്രമേ കോർപ്പറേഷന് അനുകൂലമായ വിധി ഉണ്ടാവുകയുള്ളൂവെന്നും, സമിതി വിലയിരുത്തി. നഗരസഭയുടെ മുറികൾ യഥാസമയം ലൈസൻസുകൾ പുതുക്കാതെ വർഷങ്ങൾക്കുശേഷം മുൻകാല പ്രാബല്യത്തോടെ ലൈസൻസ് പുതുക്കി നൽകുന്ന അനാരോഗ്യകരമായ പ്രവണത ഒഴിവാക്കണമെന്നും, ഇതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും അനാവശ്യ വ്യവഹാരങ്ങളും ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.6.2 മുൻവർഷങ്ങളിൽ യഥാസമയം നടപടി സ്വീകരിക്കാത്തതുകൊണ്ടു വന്ന വീഴ്ച പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ഇങ്ങനെ പുതുക്കി നൽകേണ്ടി വന്നത്. എന്നാൽ ഇപ്രകാരം പുതുക്കുമ്പോൾ മുൻകാലം മുതൽ വരുന്ന പുതുക്കിയ ലൈസൻസ് ഫീസും ലൈസൻസ് ഫീ വ്യത്യാസവും ഈടാക്കി വരുന്നുണ്ട്. ഐ.ജി.റോഡ് ബസ്സ്റ്റാന്റ് കെട്ടിടത്തിലെ റൂം നമ്പർ 2 (എം.വി.ചാമി), റൂം നമ്പർ 10 (എഫ്.എഫ്.) തയ്യിൽ നാണു, റൂം നമ്പർ 22 (എസ്.എഫ്.) പി. അബ്ദുൾ സലാം, റൂം നമ്പർ 30 ഐ.കെ.അബ്ദുൾ ഖാദർ, റൂം നമ്പർ 1 (എസ്.എഫ്.എൻ.ബി) ഇസ്മക്ക് ഉമ്മർ, ജയന്തി കെട്ടിടത്തിലെ റൂം നമ്പർ 2, (മൂന്നാം നില) എ.വി. പ്രകാശ്, ലിഫ്റ്റ് റൂം (ജി.എഫ്.), ചെറൂട്ടി കെട്ടിടത്തിലെ റൂം നമ്പർ 16 (ജി.എഫ്.), സ്റ്റേഡിയം പവലിയനിൽ റൂം നമ്പർ 7, റൂം നമ്പർ 8 തുടങ്ങിയവ മേൽപറഞ്ഞ പ്രകാരം പുതുക്കി നൽകിയിട്ടുള്ളതാണ്. ഇവരിൽ നിന്നും മുൻകാലത്തെ പുതുക്കിയ ലൈസൻസ് ഫീസും ലൈസൻസ് ഫീസ് വ്യത്യാസവും ഈടാക്കിയിട്ടുണ്ട്.

ഇത്തരം വീഴ്ച ഒഴിവാക്കുന്നതിന് ഇപ്പോൾ യഥാസമയം പുതുക്കുന്നതിനു നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും അല്ലാത്ത കേസുകളിൽ മുറി പൂട്ടി നഗരസഭ ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു. വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും ചട്ടത്തിൽ പറഞ്ഞിട്ടുള്ള ലൈസൻസ് എഗ്രിമെന്റ് ഫോമിലാണ് ഇപ്പോൾ കരാർ വച്ച് വരുന്നത്. ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധചെലുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.6.3 നിയമസഭാ സമിതിയുടെ ശിപാർശ ഉൾക്കൊണ്ടുകൊണ്ടാണ് ഇപ്പോൾ കരാർ വെച്ച് വരുന്നത്.

**ഖണ്ഡിക നമ്പർ 55**

<u>ശിപാർശ</u>

3.7.1 പാളയം കംഫർട്ട് സ്റ്റേഷൻ, ഹെഡ് പോസ്റ്റാഫീസിനു സമീപമുള്ള കംഫർട്ട് സ്റ്റേഷൻ, ചക്കുംകടവ് എന്നിവയുടെ ലേലം സംബന്ധിച്ച കുടിശ്ശിക തുകയായ 9,329 രൂപ ഈടാക്കി വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.2 പാളയം കംഫർട്ട് സ്റ്റേഷൻ, ഹെഡ് പോസ്റ്റാഫീസിനു സമീപമുള്ള കംഫർട്ട് സ്റ്റേഷൻ, ചക്കുംകടവ് എന്നിവയുടെ ലേലം സംബന്ധിച്ച കുടിശ്ശിക തുകയായ 9,329 രൂപ ലൈസൻസികളിൽ നിന്നും ഈടാക്കുന്നതിനു റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനു ജില്ലാ കളക്ടർക്ക് ഫോറം 24 ഉൾപ്പെടെയുള്ള കത്ത് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി അടിയന്തരമായി സ്വീകരിക്കുന്നതിന് ആർ.ആർ.ആക്ട് പ്രകാരം ഡെപ്യൂട്ടി കളക്ടർ (ആർ.ആർ.)ക്ക് ഉത്തരവും നല്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.3 ഖണ്ഡികയിലുൾപ്പെട്ട 9,329 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ നടന്നുവരുന്നുണ്ട്.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.7.4 റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുക.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്</u>

<u>സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി</u>

3.7.5 ബഹു. കേരള ഹൈക്കോടതി WP(c) 9191/12 11-04-2012 പ്രകാരം ശ്രീ. ഹുമയൂൺ കബീറിന്റെ വാദം തള്ളിക്കൊണ്ട് തുക അടവാക്കുന്നതിന് വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം നഗരസഭ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച പ്രകാരം കോഴിക്കോട് റവന്യൂ റിക്കവറി തഹസിൽദാർ (ആർ.ആർ.) ഓഫീസിൽ നിന്നും ഹുമയൂൺ കബീറിന്റെ പേരിൽ റവന്യൂ റിക്കവറി നടത്തി ഡി.ഡി. അയച്ചു തന്നിട്ടുള്ളതാണ്. ആയത് പ്രകാരം 9,500 രൂപ രശീത് നമ്പർ 11301400002/11/6/13 പ്രകാരവും 10,000 രൂപ രശീത് നമ്പർ 11304400001/17/6/13 പ്രകാരവും 5,714 രൂപ രശീത് നമ്പർ 11304400002/17/6/13 ചേർത്ത് മൊത്തം 25,214 രൂപ നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു.

ശ്രീ. ഹുമയൂൺ കബീറിന്റെ പേരിൽ റവന്യൂ റിക്കവറി ഇനത്തിൽ ലൈസൻസ് ഫീ ബാക്കി വന്ന തുക 9,329 രൂപയും പിഴപലിശ 14,303 രൂപയും ചേർത്ത് 23,632 രൂപയോട് ലൈസൻസ് ഫീസിൽ വാർഷിക പിഴ പലിശ 12% 1-10-2010 മുതൽ ഈടാക്കി നൽകുന്നതിന് അറിയിച്ച പ്രകാരം 23% പിഴ പലിശ 1,582 രൂപ സഹിതം 25,214 രൂപ റിക്കവറി പ്രകാരം അയച്ചു തന്നിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു. ഇതു സംബന്ധിച്ച് രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് 8-7-2013-ന് സമർപ്പിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 56**

<u>ശിപാർശ</u>

3.8.1 ഐ.ജി. റോഡ് ബസ്സ്സ്റ്റാന്റിലെ കടമുറികളുടെ ലൈസൻസ് ഫീ ഇനത്തിൽ സംഭവിച്ച 1,25,86,320 രൂപയുടെ നഷ്ടം ഈടാക്കുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കി വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.2 ഈ വിഷയം സംബന്ധിച്ച ബഹു. ഹൈക്കോടതിയിലെ 30-11-2007-ലെ ഡബ്ള്യൂ.പി.(സി) നമ്പർ 35458, 35486/07, 18-1-2008-ലെ ഡബ്ള്യൂ.പി.(സി) നം. 2315/08 നമ്പർ വിധികളുടെ അടിസ്ഥാനത്തിൽ 1-9-2008-ലെ ജി.ഒ(ആർ.ടി)നമ്പർ3260/08/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം മേൽപ്പറഞ്ഞ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ പേരിലുണ്ടായിരുന്ന അച്ചടക്ക നടപടിയും റിക്കവറിയും സർക്കാർ ഒഴിവാക്കിക്കൊണ്ടു ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടപടികൾ ഒഴിവാക്കിയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.3 ജി.ഒ.(ആർ.ടി.)നമ്പർ 3260/2008/എൽ.എസ്.ജി.ഡി., തീയതി 1-9-2008 നമ്പർ സർക്കാർ ഉത്തരവു പ്രകാരം ബന്ധപ്പെട്ടവരുടെ പേരിൽ ഉണ്ടായിരുന്ന അച്ചടക്ക നടപടിയും റിക്കവറിയും സർക്കാർ ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.

**ഖണ്ഡിക നമ്പർ 61**

<u>ശിപാർശ</u>

3.9.1 കോഴിക്കോട് കോർപ്പറേഷൻ വക ടാഗോർ ഹാൾ, ടൗൺ ഹാൾ എന്നിവ ഉപയോഗിക്കുന്ന വാടകക്കാർ യഥാർത്ഥത്തിൽ എത്ര വൈദ്യുതി ഉപയോഗിക്കുന്നു എന്ന് അറിയുന്നതിന് യാതൊരു സംവിധാനവും കോർപ്പറേഷനിൽ നിലവിലില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ആയതിനാൽ കാലാകാലങ്ങളിൽ വൈദ്യുതിചാർജിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് വാടകക്കാരിൽ നിന്ന് വൈദ്യുതി ചാർജ് ഈടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.2 നേരത്തേ യൂണിറ്റിന് 6 രൂപ വെച്ച് ഈടാക്കിയിരുന്നതാണ്. എന്നാൽ 9-10-2001-ലെ 65-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം യൂണിറ്റിന് 10 രൂപ പ്രകാരം ഈടാക്കി വരികയാണ്. സമിതിയുടെ നിർദ്ദേശ പ്രകാരം വർദ്ധനവിനനുസരിച്ച് വൈദ്യുതി ചാർജ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്ന് അറിയിക്കുന്നു. ഓരോ ആളിനും വാടകയ്ക്ക് നൽകുമ്പോഴും യഥാർത്ഥത്തിൽ ഉപയോഗിച്ച മീറ്റർ റീഡിംഗ് രജിസ്റ്ററിൽ ചേർത്ത് യഥാർത്ഥത്തിൽ ഉപയോഗിച്ച വൈദ്യുതി വിവരം രേഖപ്പെടുത്തുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.9.3 കോർപ്പറേഷൻ വക ഹാളുകൾ ഉപയോഗിച്ചു വരുന്ന വാടകക്കാരിൽ നിന്നും മീറ്റർ റീഡിംഗ് പ്രകാരം യൂണിറ്റിന് 10 രൂപ വെച്ച് വൈദ്യുതി ചാർജ് ഈടാക്കി വരുന്നുണ്ട്.

**ഖണ്ഡിക നമ്പർ 62**

ശിപാർശ

3.10.1 സമിതിയുടെ തെളിവെടുപ്പ് വേളയിൽ ഒരു യൂണിറ്റിന് 6 രൂപ നിരക്കിൽ വൈദ്യുതി ചാർജ് വാടകക്കാരിൽ നിന്ന് ഈടാക്കുന്നതിന് തീരുമാനിച്ച കൗൺസിൽ തീരുമാനവും, കൗൺസിൽ അംഗങ്ങളുടെ പേരുവിവരം ലഭ്യമാക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്മേൽ നടപടി കൈക്കൊള്ളാതെ പ്രസ്തുത കാലയളവിലെ ജീവനക്കാരുടെ പേരിൽ മാത്രം ബാദ്ധ്യത തിട്ടപ്പെടുത്തി നോട്ടീസ് അയച്ച സെക്രട്ടറിയുടെ നടപടിയെ സമിതി അപലപിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 നഷ്ടം കണക്കാക്കിയ തുക അടച്ച് തീർത്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.10.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

**ഖണ്ഡിക നമ്പർ 63**

ശിപാർശ

3.11.1 ടൗൺഹാൾ, ടാഗോർഹാൾ എന്നിവ വാടകയ്ക്ക് എടുക്കുന്നവരിൽ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതിചാർജ് ഈടാക്കാനുള്ള തെറ്റായ തീരുമാനമെടുത്ത കൗൺസിലും, അന്നത്തെ സെക്രട്ടറിയും കോർപ്പറേഷന് നഷ്ടമായ തുകയ്ക്ക് (19,144 രൂപയും അതിന്റെ പലിശയും) ഉത്തരവാദികളായതിനാൽ തെറ്റായ തീരുമാനമെടുത്ത കൗൺസിൽ യോഗത്തിൽ ഹാജരായ അംഗങ്ങൾ, അന്നത്തെ സെക്രട്ടറി എന്നിവരിൽ നിന്നും പ്രസ്തുത തുക തുല്യമായി ഈടാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 നഗരസഭയ്ക്ക് നഷ്ടം വന്ന 19,144 രൂപ നഗരസഭാഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.11.3 തുക അടവാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 68**

<u>ശിപാർശ</u>

3.12.1 സമിതിക്ക് ലഭ്യമാക്കിയ മറുപടിയിൽ 61,500 രൂപയുടെ ഡി.ഡി. നഗരസഭാ ഫണ്ടിൽ വരവ് വച്ചിട്ടുള്ളതായും 1,13,000 രൂപയുടെ ഡി.ഡി.കൾ റീവാലിഡേറ്റ് ചെയ്യുന്നതിന് ബാങ്കുകളിൽ അയച്ചുകൊടുത്തതായും പറയുന്നുവെങ്കിലും ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ട കാലയളവിലെ, അതായത് 1999-2000 വർഷത്തിലെ 14,000 രൂപയുടെ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭാഫണ്ടിൽ വരവ് വച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1999-2000 വർഷത്തിലെ 14,000 രൂപയുടെ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ വേർതിരിച്ച് നഗരസഭാ ഫണ്ടിൽ വരവ് വെച്ചതിന്റെ വിശദവിവരം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.2 10,000 രൂപയുടെ ഡി.ഡി. 16-11-2010 തീയതിയിൽ റീവാലിഡേറ്റ് ചെയ്ത് കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണ്. സി. കൃഷ്ണൻകുട്ടി, സെക്രട്ടറി, ലയൺസ് ക്ലബ്, എം.അഹമ്മദ് ബാബു, നവതരംഗം എന്നിവരുടെ 4 ഡെപ്പോസിറ്റ് രസീതുകളിൽ നിന്ന് കറന്റ് ചാർജ് ഈടാക്കി ബാക്കി 500 രൂപ വീതം ഡെപ്പോസിറ്റ് തുക 4 അപേക്ഷകർക്കുമായി രണ്ടായിരം രൂപ തിരിച്ചു നൽകിയിട്ടുണ്ട്. അപേക്ഷകൾ സെക്ഷനിൽ മുഴുവനായും പരിശോധിച്ചെങ്കിലും കണ്ടെത്താൻ കഴിയാത്തതിനാൽ 2,000 രൂപയുടെ നിക്ഷേപം തിരിച്ച് നല്കിയിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.12.3 ഫയലിൽ സൂക്ഷിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ അക്കൗണ്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ലാതിരുന്ന 2,000 രൂപയുടെ നിക്ഷേപം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.12.4 ഓഡിറ്റിന് കൈമാറിയിട്ടില്ലാത്ത 2,000 രൂപയുടെ രേഖകളിൽ അപേക്ഷകനെ കണ്ടെത്തി ഡെപ്പോസിറ്റ് തുകയായ 2,000 രൂപ തിരികെ നൽകുക. അപേക്ഷകനെ കണ്ടെത്താൻ കഴിയാത്ത പക്ഷം ടി തുക കോർപ്പറേഷൻ ഫണ്ടിൽ വരവു വയ്ക്കുവാനും ആയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നു ലഭിച്ച മറുപടി</u>

3.12.5 അപേക്ഷകന് കൈമാറിയിട്ടില്ലാത്ത 2,000 രൂപ 25-2-2013-ലെ 11203134505 രസീത് പ്രകാരം കോർപ്പറേഷൻ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ടി രേഖ ലോക്കൽ ഫണ്ട് ഓഡിറ്റിന് 9-7-2013-ന് സമർപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.12.6 രസീത് നമ്പർ 01/11203134505 തീയതി 25-2-2013 പ്രകാരം 2,000 രൂപ അടവാക്കിയിട്ടുണ്ട് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

**ഖണ്ഡിക നമ്പർ 79**

<u>ശിപാർശ</u>

3.13.1 ഐ.ജി.റോഡ് ബസ്സ്സ്റ്റാന്റിന്റെ കടമുറികളുടെ ലൈസൻസ് പുതുക്കുന്നതിനെതിരെ ലൈസൻസികൾ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പാകാത്ത സാഹചര്യത്തിൽ, സുപ്രീം കോടതിയുടെ വിധി അനുസരിച്ചേ നടപടിയെടുക്കുവാൻ സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു. ലൈസൻസുകൾ വർഷംതോറും പുതുക്കേണ്ടത് അതാത് വർഷം തന്നെ പുതുക്കേണ്ടതാണെന്നും, നാളുകൾ കഴിഞ്ഞ് വലിയ തുക ഈടാക്കേണ്ടി വരുമ്പോൾ ലൈസൻസികൾ സാവകാശം കിട്ടുന്നതിനുവേണ്ടി കേസ് കൊടുക്കുകയും, കേസ് നഗരസഭയ്ക്ക് അനുകൂലമായാലും ലൈസൻസികളുടെ പേരിൽ സ്വത്തുക്കൾ ഇല്ലെന്ന പേരിൽ തുക ഈടാക്കാൻ സാധിക്കാതെ വരികയും ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യുമെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 ഇത്തരം കേസുകൾ പരിശോധിച്ച് ലൈസൻസ് പുതുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു പ്രാവശ്യം ലൈസൻസ് അനുവദിക്കുന്നത് 3 വർഷത്തേക്കാണ്. ടി കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കി നൽകുന്നുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.13.3 ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നഗരസഭയുടെ ഭാഗത്ത് നിന്നും അതീവ ശ്രദ്ധ ആവശ്യമാണ്.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.13.4 ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി അതീവ ജാഗ്രത പുലർത്തുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെട്ടു.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നു ലഭിച്ച മറുപടി

3.13.5 ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം ഒഴിവാക്കുന്നതിനായി കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി കോടതി കേസുകൾ നിലവിലുള്ള കടമുറികളിലൊഴികെ ബാക്കി എല്ലാ കടമുറികൾക്കും കെട്ടിടങ്ങൾക്കും കൃത്യമായ ലൈസൻസ് ഫീ ഈടാക്കി വരുന്നതും സമയ ബന്ധിതമായി പുതുക്കി വരുന്നതുമാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.13.6 കടമുറികളുടെ ലൈസൻസ് ഫീ ഈടാക്കുന്നതിൽ തുടർന്നുള്ള വർഷങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 81**

ശിപാർശ

3.14.1 ലൈസൻസ് ഫീ പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ ഭരണ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഐ.ജി. റോഡ് ബസ്സ്സ്റ്റാന്റിന്റെ കടമുറികളുടെ ലൈസൻസ് പുതുക്കുന്നതിനെതിരെ ലൈസൻസികൾ ഫയൽ ചെയ്ത കേസിന്റെ അവസ്ഥ മനസ്സിലാക്കി നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.14.2 ടി വിഷയവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി വിധിയനുസരിച്ച് ലൈസൻസ് പുതുക്കുന്നതിനുള്ള മുദ്രപത്രം 50 രൂപയുടേത് പ്രകാരമാക്കിയിരുന്നു. ടി വിധിപ്രകാരമുള്ള വിവരം ലൈസൻസികളെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ജി.റോഡ് ബസ്സ്സ്റ്റാന്റ് കെട്ടിടത്തിലെ 72 ലൈസൻസികൾ ലൈസൻസ് പുതുക്കി 50 രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി സമർപ്പിച്ചിട്ടുണ്ടെന്ന കാര്യം റിപ്പോർട്ട് ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.14.3 18-9-2009-ലെ ബഹു. സുപ്രീംകോടതി വിധി പ്രകാരം ലൈസൻസികളുമായി ഉടമ്പടി തയ്യാറാക്കുമ്പോൾ 50 രൂപയുടെ മുദ്രപത്രം മതിയാകുന്നതാണ്. 15-10-2010 മുതൽ 50 രൂപ എന്നത് 100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതി വിധി ഓഡിറ്റ് പരാമർശത്തെ ബന്ധപ്പെടുത്തിയിട്ടുള്ളതല്ല എങ്കിലും സ്റ്റാമ്പ് ആക്ടിലെ പ്രസക്ത വകുപ്പുകളെ വ്യക്തമായി വിവക്ഷിക്കുന്നതാകയാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**ഖണ്ഡിക നമ്പർ 82**

<u>ശിപാർശ</u>

3.15.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുറപ്പെടുവിച്ച സർചാർജ് സർട്ടിഫിക്കറ്റി നെതിരെ ശ്രീ.റ്റി.എ.രവീന്ദ്രനാഥ്, ശ്രീമതി ബേബി സരോജം എന്നീ റവന്യൂ ഓഫീസർമാർ ഫയൽ ചെയ്ത കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുകയും അതനുസരിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 ശ്രീ. ടി. എ. രവീന്ദ്രനാഥിന്റെ കേസ് ഇപ്പോഴും തുടർന്ന് വരികയാണ്. ബേബി സരോജത്തിന്റെ കാര്യത്തിൽ കോടതി വിധി നഗരസഭക്ക് അനുകൂലമായി വിധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടതിൽ കക്ഷിയ്ക്ക് ഡിമാന്റ് നോട്ടീസ് അയച്ചിരുന്നു. ഇതിനു ശ്രീമതി ബേബി സരോജം സമർപ്പിച്ച മറുപടിയിൽ നടപടി ക്രമം സംബന്ധിച്ച് വീണ്ടും (ഒ.പി.നമ്പർ 16/2007) കേസ് ഫയൽ ചെയ്തതായി അറിയിച്ചിട്ടുള്ളതും കേസ് ഇപ്പോൾ കോടതി പരിഗണനയിലുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.15.3 സർച്ചാർജ് നടപടികൾക്കെതിരെ ശ്രീ. രവീന്ദ്രനാഥ് ഫയൽ ചെയ്ത ഒ.പി. നം. 315/2006 നമ്പർ കേസും ശ്രീമതി ബേബി സരോജം ഫയൽ ചെയ്ത ഒ.പി.നമ്പർ 16/2007 നമ്പർ കേസും കക്ഷികൾക്ക് അനുകൂലമായി വിധിയായിട്ടുണ്ട്.

<u>19-1-2012-ലെ യോഗത്തിലെ സമിതി യോഗ തീരുമാനം</u>

3.15.4 കോർപ്പറേഷന് അനുകൂലമായി വിധി നടപ്പാക്കുന്ന രീതിയിൽ കേസുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടാകുന്നതായി സമിതി അഭിപ്രായപ്പെട്ടു. ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും കോർപ്പറേഷനും കൂടിച്ചേർന്ന് മേൽക്കോടതിയിൽ അപ്പീൽ കൊടുക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുവാനും ആയതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

<u>19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്</u>
<u>സർക്കാരിൽ നിന്നു ലഭിച്ച മറുപടി</u>

3.15.5 ശ്രീമതി ബേബി സരോജം, ശ്രീ. ടി.എ. രവീന്ദ്രൻ എന്നിവർ ലോക്കൽ ഫണ്ട് ഓഡിറ്റിനെയും നഗരസഭയെയും കക്ഷി ചേർത്ത് ഒ.എസ്.315/2006, ഒ.പി.16/2007 നമ്പർ കേസുകൾ ഫയൽ ചെയ്തിരുന്നു. ടി കേസുകളിൽ ടിയാൻമാർക്ക് അനുകൂലമായ ബഹു.

ജില്ലാകോടതിയുടെ വിധി വന്നു. ടി വിധിക്കെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നഗരസഭയ്ക്ക് സ്റ്റാന്റിംഗ് കൗൺസിൽ അഡ്വ. കെ. ഡി. ബാബുവിൽ നിന്നും നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിധിക്കെതിരെ നഗരസഭ അപ്പീൽ പോകേണ്ടതില്ലെന്നും ഒന്നാം എതിർ കക്ഷി ലോക്കൽ ഫണ്ട് ഓഡിറ്റായതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റാണ് അപ്പീൽ പോകേണ്ടതെന്നും നിയമോപദേശം ലഭിച്ചിരുന്നു. ടി വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ എ 34/25491/99(1) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണെന്ന വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.15.6 പ്രസ്തുത കേസുകളിൽ അപ്പീൽ സാധ്യതയില്ലെന്ന് ജില്ലാ ഗവൺമെന്റ് പ്ലീഡറും (ഒ.പി. നമ്പർ 315/06 തീയതി: 15-10-2011) അഡീഷണൽ ഗവൺമെന്റ് പ്ലീഡറും (ഒ.പി. നമ്പർ 16/07 തീയതി 11-8-2011) കത്തുകൾ മുഖേന വിവരം ലോക്കൽ ഫണ്ടിനെ അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 88

ശിപാർശ

3.16.1 യു.പി.എ. സെൽ കേസിൽ കോഴിക്കോട് കോർപ്പറേഷൻ കക്ഷി അല്ലാത്തതിനാലും കേസ് സംബന്ധിച്ച സ്റ്റേ നിലവിലില്ലാത്തതിനാലും ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. പി. കുര്യൻ ജോണിൽ നിന്ന് നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം ഈടാക്കി അതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.16.2 ശ്രീ. കുര്യൻ ജോൺ ബഹു. ജില്ലാ കോടതിയിൽ ഒ.പി. 214/06-ൽ ഐ.എ. 884/09 നമ്പറായി ഫയൽ ചെയ്തിട്ടുള്ള റിസ്റ്റോറേഷൻ പെറ്റീഷൻ ബഹു. ജില്ലാ കോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ളതും കേസ് ഇപ്പോൾ കോടതി പരിഗണനയിലുമാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.16.3 ശ്രീ. കുര്യൻ ജോൺ ഒ.പി. നമ്പർ 214/06-ൽ IA 884/2009 നമ്പരായി ഫയൽ ചെയ്തിട്ടുള്ള Restoration Petition ബഹു. ജില്ലാ കോടതിയുടെ പരിഗണനയിലാണ്.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.16.4 ടി വിഷയത്തിന്മേലുള്ള കേസിന്റെ വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെട്ടു.

19-1-2012-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന്
സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

3.16.5 കേസ് ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. വിധി വരുന്ന മുറയ്ക്ക് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.16.6 ശ്രീ. കുര്യൻ ജോൺ ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസ് ഒ.പി. നമ്പർ 214/06, ഐ.എ.നമ്പർ 884/09 റീസ്റ്റോറേഷൻ പെറ്റീഷൻ എന്നിവ തീർപ്പാക്കുന്നതിലാണ് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്നാണ് നഗരസഭ അധികൃതർ അറിയിച്ചിട്ടുള്ളത്.

**ഖണ്ഡിക നമ്പർ 91**

ശിപാർശ

3.17.1 ഗവൺമെന്റിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് ലഭ്യമാകുന്ന തുകയിൽ 40% എങ്കിലും ഉല്പാദന മേഖലയിൽ ചെലവാക്കുന്നതിന് നഗരസഭാ അധികൃതരും, നിർവ്വഹണോദ്യോഗസ്ഥരും അതീവ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.2 ഇക്കാര്യം ശ്രദ്ധിച്ച് നടപടി എടുക്കുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.3 നഗരസഭാധികൃതരും നിർവ്വഹണോദ്യോഗസ്ഥരും ഇപ്പോൾ ഇക്കാര്യം ഉറപ്പ് വരുത്തുന്നുണ്ട്.

**ഖണ്ഡിക നമ്പർ 92**

ശിപാർശ

3.18.1 ഗുണഭോക്തൃ ലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാലാണ് കാർഷിക പദ്ധതികൾ വിഭാവനം ചെയ്ത പോലെ നടപ്പാക്കുവാൻ കഴിയാതിരുന്നതെന്നും പിന്നീടുള്ള വർഷങ്ങളിൽ സ്പിൽഓവറായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നുമുള്ള കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.18.2 സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി.

**ഖണ്ഡിക നമ്പർ 98**

ശിപാർശ

3.19.1 തൊഴിലുപകരണങ്ങൾ വാങ്ങിക്കുന്നതിന്റെ മൂന്നിലൊന്നോ 3000 രൂപയോ എന്ന് നിജപ്പെടുത്തി സബ്സിഡി നൽകണമെന്ന വ്യവസ്ഥ ലംഘിച്ച് സബ്സിഡി കൊടുത്തിട്ടുണ്ടെങ്കിൽ ആയതിന് ഗവൺമെന്റിന്റെ സാധൂകരണം വാങ്ങേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ സർക്കാരിന്റെ സാധൂകരണം വാങ്ങുന്നതിന് 25-12-2007-ലെ കൗൺസിലിന്റെ 45-ാം തീരുമാനമനുസരിച്ച് കൈക്കൊണ്ട നടപടിയുടെ വിശദാംശവും, സർക്കാർ സാധൂകരണം ലഭിച്ചെങ്കിൽ ആയതും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.19.2 9-9-2009-ലെ സ.ഉ. (സാധാ) നമ്പർ 2323/2009 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.19.3 9-9-2009-ലെ സ.ഉ.(സാധാ) 2323/09 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 99**

ശിപാർശ

3.20.1 സർക്കാരിന്റെ സാധൂകരണം ലഭിക്കാത്ത പക്ഷം കോർപ്പറേഷന് വന്ന നഷ്ടം വ്യവസായ വികസന ഓഫീസറുടെ ബാദ്ധ്യതയായി തിട്ടപ്പെടുത്തി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, തുക ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.20.2 9-9-2009-ലെ സ.ഉ. (സാധാ) നമ്പർ 2323/2009 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.20.3 9-9-2009-ലെ സ. ഉ. (സാധാ) 2323/09 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 110**

<u>ശിപാർശ</u>

3.21.1 കോർപ്പറേഷൻ പരിധിയിൽ ഒരു അർദ്ധ വർഷത്തേക്കു നൽകേണ്ടുന്ന മിനിമം വസ്തു നികുതി 50 രൂപ എന്നത് 1999-ലെ 14-ാം ആക്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിൽ വന്ന ഭേദഗതിയായതിനാൽ നഗരസഭാ പരിധികളിലെ വസ്തുക്കൾക്ക് ഈ നിയമം ബാധകമാണെന്നും, അർദ്ധ വർഷ നികുതി 50 രൂപയാക്കി ഉയർത്തേണ്ടതില്ലെന്ന കൗൺസിൽ തീരുമാനം നിയമാനുസൃതമല്ലെന്നും കോർപ്പറേഷൻ നിയമവിരുദ്ധമായി തീരുമാനമെടുത്താൽ കൗൺസിലിനെ ഉപദേശിക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും സമിതി ചൂണ്ടിക്കാണിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.21.2 മുനിസിപ്പൽ ഭരണ ഡയറക്ടറുടെ 14-5-1999-ലെ എ 2/9568/99 നമ്പർ സർക്കുലർ പ്രകാരം നഗരസഭകളിൽ തുടർന്നു വന്നിരുന്ന നികുതി നിർണ്ണയരീതി ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ തുടരാവുന്നതാണെന്നും, 1998 ഏപ്രിൽ 1-ാം തീയതിക്കുശേഷം വരുന്ന നികുതി പുതുക്കൽ സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുത്തുന്നതാണെന്നും ജനറൽ റിവിഷൻ (നാലുവർഷത്തിലൊരിക്കൽ നടത്തേണ്ടത്) സർക്കാർ നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ നടത്താൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 1999-ലെ 14-ാം ആക്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ഭേദഗതി വന്നതിനുശേഷം അസ്സസ് ചെയ്ത കെട്ടിടങ്ങൾക്ക് അർദ്ധവർഷത്തേക്ക് മിനിമം 50 രൂപ നികുതി ചുമത്തി വരുന്നുണ്ട്. ടി കാലയളവിന് മുമ്പ് അസ്സസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച അപാകതകൾ പുതിയ വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.21.3 കുറഞ്ഞ വസ്തു നികുതി 50 രൂപ ഈടാക്കാനുള്ള സമിതിയുടെ നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

## ഖണ്ഡിക നമ്പർ 111

ശിപാർശ

3.22.1 50 രൂപ വച്ച് വസ്തു നികുതി ഈടാക്കാൻ കൗൺസിലിനും, കോർപ്പറേഷനും ബാദ്ധ്യതയുള്ളതിനാൽ 8 രൂപ മുതൽ 34 രൂപ വരെ നികുതി അടയ്ക്കുന്ന വസ്തു ഉടമകളിൽ നിന്ന് നികുതി പുനർ നിർണ്ണയിച്ച് മുൻവർഷങ്ങളിലെ കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കുവാൻ ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.22.2 മുനിസിപ്പൽ ഭരണ ഡയറക്ടറുടെ 14-5-1999-ലെ എ 2/9568/99 നമ്പർ സർക്കുലർ പ്രകാരം നഗരസഭകളിൽ തുടർന്നു വന്നിരുന്ന നികുതി നിർണ്ണയരീതി ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ തുടരാവുന്നതാണെന്നും, 1998 ഏപ്രിൽ 1-ാം തീയതിക്കുശേഷം വരുന്ന നികുതി പുതുക്കൽ സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുത്തുന്നതാണെന്നും ജനറൽ റിവിഷൻ (നാലുവർഷത്തിലൊരിക്കൽ നടത്തേണ്ടത്) സർക്കാർ നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ നടത്താൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. 1999-ലെ 14-ാം ആക്ട് പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ഭേദഗതി വന്നതിനുശേഷം അസസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് അർദ്ധവർഷത്തേക്ക് മിനിമം 50 രൂപ നികുതി ചുമത്തി വരുന്നുണ്ട്. ടി കാലയളവിന് മുമ്പ് അസ്സസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച അപാകതകൾ പുതിയ വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.22.3 കുറഞ്ഞ വസ്തു നികുതി 50 രൂപ ഈടാക്കാനുള്ള സമിതിയുടെ നിർദ്ദേശം നടപ്പാക്കിയിട്ടില്ല.

## ഖണ്ഡിക നമ്പർ 117

ശിപാർശ

3.23.1 ലൈസൻസികൾ നൽകിയ അപ്പീൽ കോർപ്പറേഷനനുകൂലമായി വിധിച്ച സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കിയതിന്റെയും, ലൈസൻസുകളുടെ ഫീ നിയമാനുസൃതം പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെയും വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.23.2 ഐ. ജി. റോഡ് ബസ്സ്റ്റാന്റ് കെട്ടിടത്തിലെ പുതിയ ബ്ലോക്കിലെ 5, 6 മുറികളുടെ ലൈസൻസി ശ്രീ. ഔസേപ്പ് ചാക്കോള ഫയൽ ചെയ്ത എ.എസ്. 35/05 കേസ് നഗരസഭയ്ക്ക് അനുകൂലമായി വിധിച്ചതുപ്രകാരം കുടിശ്ശിക തുക മുഴുവനും കോർപ്പറേഷൻ

ഫണ്ടിൽ 6,08,000 രൂപ ഇന്ത്യൻ ബാങ്കിന്റെ ചെക്ക് നമ്പർ 939593 തീയതി 2-11-2009 പ്രകാരവും 18,28,001 രൂപ ഇന്ത്യൻ ബാങ്കിന്റെ ചെക്ക് നമ്പർ 950208 തീയതി 4-12-2009 പ്രകാരവും കക്ഷി ഒടുക്കിയിട്ടുണ്ട്. കക്ഷിയുടെ അപേക്ഷ പ്രകാരം 19-7-2010-ലെ ധനകാര്യ സ്ഥിരം സമിതിയുടെ 31-ാം നമ്പർ തീരുമാനപ്രകാരം 4-10-2012 വരെ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതാണ്. ആയതുപ്രകാരം ലൈസൻസ് ഫീയിൽ വ്യത്യാസം വരുന്ന തുകയും ഡെപ്പോസിറ്റ് തുകയും നഗരസഭാ ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.23.3 ലൈസൻസി കുടിശ്ശിക തുക മുഴുവനും നഗരസഭ ഫണ്ടിൽ അടച്ചതായി രശീതി പരിശോധിച്ച് ബോധ്യപ്പെട്ടു. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഖണ്ഡിക നമ്പർ 120**

<u>ശിപാർശ</u>

3.24.1 ഹെൽത്ത് സൂപ്പർവൈസർക്ക് മുൻകൂർ നൽകിയ 15 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയതിൽ അപാകതകളൊന്നും കാണാത്തതിനാൽ തടസ്സവാദം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.24.2 ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 128**

<u>ശിപാർശ</u>

3.25.1 കരാറുടമ്പടിക്ക് വിരുദ്ധമായി 2.5% നിരക്കിൽ എഗ്രിമെന്റ് വച്ചതിനെതിരെയുള്ള വിശദീകരണം ആവശ്യപ്പെട്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്ക് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദീകരണം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ആർക്കിടെക്ട് ഫീ 2.33% നിരക്കിൽ നിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ കരാർ ഹാജരാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.25.2 സെൻട്രൽ മാർക്കറ്റ് കെട്ടിട നിർമ്മാണത്തിന് ആർക്കിടെക്ട് ഫീസിനത്തിൽ 2.5% നിരക്കിലാണ് 6-10-2000-ൽ എഗ്രിമെന്റ് വെച്ചിരുന്നത്. 3-11-2001-ലെ 57-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ടി നിരക്ക് 2.33% നിരക്കിൽ മാത്രമാണ് ആർക്കിടെക്ടിന് പ്രതിഫലം നൽകിയിട്ടുള്ളത്. ലംപ്സം പ്രൊവിഷൻ കഴിച്ചുള്ള എസ്റ്റിമേറ്റ് തുകയായ 1,64,74,181 രൂപയുടെ 2.33% നിരക്കിലും ഫീസ് 3,83,848 രൂപയാണ്. ആർക്കിടെക്ടിന് 3,41,015 രൂപയാണ് നാളിതുവരെക്കും നൽകിയിട്ടുള്ളത്. 42,833 രൂപ ഇനിയും നൽകുവാനുണ്ട്. നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ട് ശ്രീ. ആർ. കെ. രമേശിന് 2.33% നിരക്കിലുള്ള പുതുക്കിയ എഗ്രിമെന്റ് വയ്ക്കണമെന്ന് കാണിച്ച് കത്ത് നൽകിയതിൽ 14-2-2008-ന് പുതിയ എഗ്രിമെന്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2.5% നിരക്കിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് കാരണക്കാരായ ടി കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ വി. ആർ. ജയൻ, ഇ. ഇ. ഗോപാലകൃഷ്ണൻ, പി. ഇ. റോസ് മിലൻ ഡാനിയേൽ, സെക്രട്ടറി മധുസൂദനൻ പിള്ള എന്നീ ജീവനക്കാരിൽ ഇ. ഇ. ഗോപാലകൃഷ്ണൻ, റോസ് മിലൻ ഡാനിയേൻ എന്നിവരൊഴികെ മറ്റുള്ളവർ റിട്ടയർ ചെയ്തിട്ടുള്ളതാണ്. പി. ഗോപാലകൃഷ്ണൻ, റോസ് മിലൻ ഡാനിയേൽ എന്നിവർക്ക് ചാർജ് മെമ്മോ നൽകിയിട്ടുള്ളതാണ്.

ആർക്കിടെക്ട് ശ്രീ. ആർ. കെ. രമേശ് 2.33% നിരക്കിലുള്ള എഗ്രിമെന്റ് ഹാജരാക്കിയതിനാലും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വരാത്തതിനാലും മേൽ ജീവനക്കാരുടെ പേരിലുള്ള തുടർ നടപടികൾ ഒഴിവാക്കുന്നതിനും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനും അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.25.3 സമിതിയുടെ നിർദ്ദേശ പ്രകാരം ആർക്കിടെക്ട് ഫീ 2.33% നിരക്കിൽ നിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

**ഖണ്ഡിക നമ്പർ 137**

<u>ശിപാർശ</u>

3.26.1 വകമാറ്റി ചെലവഴിച്ച മുഴുവൻ തുകയും യു.പി.എ. ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.26.2 ഓഡിറ്റ് തടസ്സപ്രകാരം എൻ.എസ്.ഡി.പി. ഫണ്ടിൽ നിന്നും വകമാറ്റി ചെലവാക്കിയ 20.2 ലക്ഷം ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് എൻ.എസ്.ഡി.പി. ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.26.3 എൻ.എസ്.ഡി.പി. ഫണ്ടിൽ നിന്നും വക മാറ്റി ചെലവാക്കിയ 20.2 ലക്ഷം രൂപ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത് എൻ.എസ്.ഡി.പി. ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

അനുബന്ധം I

**പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.7 | തദ്ദേശസ്വയംഭരണം | പ്രസ്തുത വിഷയത്തിലുള്ള കേസുകളിലെ സ്റ്റേ നീക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനുള്ള കാരണം ആരായുന്നതിനും സ്റ്റേ നീക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു |
| 2 | 2.2.8 | ,, | ബസ്സ്റ്റാന്റ് ഫീയിനത്തിൽ അടവാക്കാനുള്ള 50,000 രൂപ കൂടി അടിയന്തരമായി ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 3 | 2.3.7 | ,, | ബസ്സ്റ്റാന്റ് ഫീസിനത്തിൽ 1993-94, 1995-96 വർഷങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ രേഖകളും വക്കീലിനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതിന്റെ രേഖകളും മറ്റു വിശദാംശങ്ങളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 4 | 2.4.7 | ,, | നിലവിലുള്ള കേസ് (ഡബ്ല്യൂ.പി.(സി.) 19156/20 11) തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 5 | 2.4.8 | തദ്ദേശസ്വയംഭരണം | കോർപ്പറേഷന്റെ കേസുകളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി ലീഗൽ സെൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |
| 6 | 2.5.7 | ,, | കേസ് നിലവിലുള്ള 11 മുറികളുടെയും ലൈസൻസ് ഫീ കുടിശ്ശിക പൂർണ്ണമായും ഈടാക്കിയതിന്റെയും ലൈസൻസ് പുതുക്കി കാലികമാക്കിയതിന്റെയും രേഖകളും മറ്റു വിശദാംശങ്ങളും ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു |
| 7 | 2.6.13 | ,, | നോട്ടീസ് നൽകാൻ വൈകിയതിന് ഉത്തരവാദി-കളായവർക്കെതിരെ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെയുള്ള കേസുകളുടെ അന്തിമവിധി അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു |
| 8 | 2.7.7 | ,, | നിലവിലുള്ള കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു |
| 9 | 2.8.13 | ,, | ഖണ്ഡികയിലെ പരാമർശം സംബന്ധിച്ചും ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നികുതി കുടിശ്ശിക പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ സർക്കാർ ഓഡിറ്റിന് സമർപ്പിക്കുന്നതിനും ഓഡിറ്റ് പരാമർശ കാലയളവിലെ കളക്ഷൻ രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ പ്രസ്തുത കാലയളവിലെ കളക്ഷൻ രജിസ്റ്ററുകൾ ആധാരമാക്കി തയ്യാറാക്കിയ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | തയ്യാറാക്കിയ വാർഡ് തലത്തിലുള്ള ഹാൻഡ് ബുക്കുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് വകുപ്പ് പ്രത്യേക പരിശോധന നടത്തി രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന 13-1-2016-ലെ യോഗ നിർദ്ദേശ പ്രകാരം നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 10 | 2.9.9 | തദ്ദേശസ്വയംഭരണം | റവന്യൂ ഇൻസ്പെക്ടർമാർക്ക് 17-7-2013-ന് നൽകിയ മെമ്മോ പ്രകാരം സ്വീകരിച്ച നടപടിയുടെ വിശദാംശവും നിലവിലെ സ്ഥിതിയും സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 11 | 2.10.7 | ,, | നിലവിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു |